# തന്നെത്താൻ താഴ്ത്തുവിൻ

[സഹോദരൻ ബ്രൺഹാമിനെ സഹോദരൻ നെവിൽ പരിചയപ്പെടുത്തുന്നു—Ed.] ഓ, സഹോദരാ, ഇതൊരു ആശ്ചര്യം തന്നെ എന്ന് നിങ്ങൾക്ക് സമ്മതിക്കേണ്ടിയിരിക്കുന്നു. എങ്കിൽ പിന്നെ ഞാൻ ഒരു പ്രഖ്യാപനം നടത്താൻ തന്നെ ആഗ്രഹിക്കുന്നു, "അത് ഇവിടെ തന്നെ പഠിക്കാൻ ഇടയാകട്ടെ: അതിനെക്കുറിച്ച് ഇതുപോലെ എന്തെങ്കിലും ഞാൻ വിചാരിക്കുകയാണ്." [സഹോദരൻ ബ്രൺഹാമും സഭയും ചിരിക്കുന്നു.]

2 ഞാൻ തീർച്ചയായും ഇവിടെ ആയിരിക്കുന്നതിൽ എപ്പോഴും സന്തോഷിക്കുന്നു. നിങ്ങളോട് ഒപ്പമുള്ള നമ്മുടെ ഈ യാത്ര, അതിൻ്റെ അവസാനത്ത് ഇപ്പോൾ എത്തിക്കൊണ്ടിരിക്കുന്നു. കാരണം, ഞങ്ങൾക്ക് മറ്റൊരു യോഗം ഷിക്കാഗോയിൽ ഉടനെ തന്നെ കടന്നു വന്നു കൊണ്ടിരിക്കുകയാണ്, കൂടാതെ എനിക്ക് എൻറെ—കുടുംബത്തെ ഉടനെ തന്നെ അരിസോണയിൽ തിരികെ എത്തിച്ചിരിക്കേണ്ടത് ആവശ്യമാകുന്നു. കൂടാതെ അവർക്ക് ഇതുവരെയും അവരുടെ വേനൽകാലത്തെ അവധി ലഭിച്ചിട്ടില്ല, അതുകൊണ്ട് ഞാൻ അവരെ കുറച്ച് ദിവസത്തേക്ക് എവിടെയെങ്കിലും ഒരു ചെറിയ യാത്രയ്ക്കായി, കൊണ്ടുപോകാൻ ആഗ്രഹിക്കുകയായിരുന്നു. അതിനുശേഷം ഞാൻ ഒരു പക്ഷേ ഒരു, ഒരു ദിവസത്തേക്ക്, ഞായറാഴ്ച ഒരു ദിവസത്തേക്ക് മാറി നിന്നിട്ട്, അതിനുശേഷമുള്ള ആഴ്ചകൾ ഷിക്കാഗോയിൽ തുടങ്ങാൻ ആഗ്രഹിക്കുന്നു. അതിനുശേഷം തിങ്കളാഴ്ച ദിവസം, നേരെ തിരികെ വന്നു, അവരെ എടുത്തു കൊണ്ട് അരിസോണയിലേക്ക് പോകേണ്ടിയിരിക്കുന്നു.

3 ഒരു ഞായറാഴ്ച ദിവസം രാവിലെ വരുന്നത് ഞാൻ തീരെ ഇഷ്ടപ്പെടുന്നില്ല, അത് എല്ലാവരുടെയും ക്ഷീണം മാറിയിരിക്കുന്ന സമയത്തെ എടുക്കുന്നതു പോലെയാകുന്നു. ഞായറാഴ്ച രാത്രി, നിങ്ങൾ എല്ലായ്പ്പോഴും ക്ഷീണിച്ചും തളർന്നും ഇരിക്കുന്നു, അത് ഞായറാഴ്ച രാത്രിയാകുന്നു; അതിനുശേഷം ഞായറാഴ്ച രാത്രിയിലെ ശുശ്രൂഷ നമ്മുടെ പാസ്റ്ററിന് കൊടുക്കുന്നത്, അത്—അതൊരു വിധത്തിൽ മോശമായ കാര്യം ആകുന്നു. എന്നാൽ അത് ചെയ്യുന്നത് ഞാൻ ഒട്ടും ഇഷ്ടപ്പെടുന്നില്ല, എന്നിരിക്കലും ഞായറാഴ്ച രാത്രിയിൽ ഞാൻ അത് ചെയ്യുന്നു, അത് ഞായറാഴ്ച രാത്രിയിൽ, ഒരു സഭാ

യോഗം ഞായറാഴ്ച രാത്രിയിൽ ഉണ്ടായിരിക്കുന്നത് ആകുന്നു, അതിനുശേഷം ഞാൻ ജനങ്ങളെ അത്രയും താമസിപ്പിച്ചു നിർത്തുന്നു. അവരിൽ വളരെയധികം ആൾക്കാരും വളരെയധികം ദൂരെ തെക്കുഭാഗത്തു നിന്നും അതുപോലെ വളരെയധികം ദൂരെ വടക്കുനിന്നും ഇവിടെയെത്തുന്നവർ ആകുന്നു കൂടാതെ അവർ, ഓ, അവർക്ക് ചിലപ്പോൾ ഇവിടെ ഒരു യോഗത്തിൽ എത്തുന്നതിന് വേണ്ടി, രാത്രിയും പകലും വണ്ടി ഓടിക്കേണ്ട ആവശ്യമുണ്ടായിരിക്കുകയും, അതിനുശേഷം തിരികെ പോകുന്നതിനും ആകുന്നു. ആ കാരണത്താലാണ് ഞാൻ അത് ഞായറാഴ്ച രാവിലെ ആക്കുന്നതിനു വേണ്ടി ശ്രമിക്കുന്നത്, ഞാൻ ഇവിടെ എത്തുമ്പോൾ, അവർക്ക് തിരികെ പോകുന്നതിന് ഒരു അവസരം നൽകുന്നതിന് ആകുന്നു.

4 അവർ വിശ്വസ്തരായ, ആത്മാർത്ഥതയോട് കൂടിയ, തീർത്ഥാടകർ ആകുന്നു, എപ്രകാരം ഞാൻ അവരെ പ്രശംസിക്കുന്നു! അവർ മഞ്ഞിൽ കൂടിയും മഴയിൽ കൂടിയും അതുപോലെയുള്ള എല്ലാ സാഹചര്യങ്ങളിൽ കൂടിയും, ഇവിടെ എത്തുന്നതിനു വേണ്ടി, നൂറോളം മൈലുകൾ, രാജ്യത്തിനപ്പുറെ നിന്ന് വണ്ടി ഓടിച്ചു യാത്ര ചെയ്ത്, ഒരു ചെറിയ യോഗത്തിൽ സംബന്ധിക്കുന്നതിന് വേണ്ടി മാത്രമായി വരുന്നു. അതുകൊണ്ട് അത് എന്നെ ദൈവത്തോട് കൂടുതൽ നന്ദിയുള്ളവനായി അനുഭവപ്പെടുന്നതിനിടയാക്കുയും, കൂടാതെ ഈ ജനങ്ങളുടെ, അവരുടെ മഹത്തായ—അവരുടെ മഹത്തായ പിൻതാങ്ങലും ആകുന്നു, അത് ഞാൻ ജനങ്ങളോട്, എന്താണോ പറയാൻ ശ്രമിക്കുന്നത്, അത് സത്യമാണെന്നുള്ള കാര്യത്തിലും ആകുന്നു.

5 ഇപ്പോൾ, ഇത് സത്യമാണെന്ന്, ഞാൻ...എൻ്റെ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നു. ഇതിൽ നിന്നും എന്തെങ്കിലും വ്യത്യസ്തമായിട്ട്, അത് ഇതിനേക്കാളും നന്നായിട്ട് ഉള്ളതാണെന്ന് എനിക്ക് തോന്നിയിരുന്നുവെങ്കിൽ, ഞാൻ—ഞാൻ തീർച്ചയായും അതിലേക്ക് തന്നെ ആദ്യമേ പോകുമായിരുന്നു...ഞാൻ തന്നെ ആദ്യം അത് ശരിയാണോ തെറ്റാണോ എന്ന് കണ്ടുപിടിക്കുന്നതിനുവേണ്ടി മുന്നോട്ട് പോകാതെ, ഞാൻ മറ്റാരോടെങ്കിലും എവിടെയെങ്കിലും പോകാൻ ആവശ്യപ്പെടുകയില്ല. ആദ്യം അത് സത്യമാണെന്ന് അറിയുന്നതിനു വേണ്ടി—ഞാൻ തന്നെ ദൈവത്തിലേക്ക്, കാലെടുത്തു വച്ച് അതിനെക്കുറിച്ചു അത് സത്യമാണെന്നു നേരത്തെ തന്നെ അറിയാതെ, മറ്റു യാതൊരു വ്യക്തിയോടും അതിലേക്കു കാലെടുത്തു വെക്കുന്നതിന് ഞാൻ ആവശ്യപ്പെടുകയില്ല. ആദ്യം, അത് ദൈവത്തിൻ്റെ വചനം ആയിരിക്കണം, അതിനുശേഷം അത്

സത്യമാണോ എന്ന് നോക്കുന്നതിന് വേണ്ടി അതിലേക്ക എൻ്റെ കാലെടുത്തു വച്ചിരിക്കണം. അതിനുശേഷം അത് ശരിയാണെങ്കിൽ, പിന്നെ എനിക്ക് കടന്നു വന്ന് പറയാൻ കഴിയും, "*ഈ വഴിയിൽ കൂടെ കടന്നു വരൂ.*" നോക്കൂ, അത് ആ വഴിയെ ഉണ്ടാക്കുന്നു

6 അതുകൊണ്ട്, ഇപ്പോൾ, ഞാൻ വിചാരിക്കുന്നത് ഏതൊരു ശുശ്രൂഷകനും അപ്രകാരം ചെയ്തിരിക്കേണ്ടത് ആവശ്യമാകുന്നു, സ്വയം, ആദ്യം പോകുന്നതിനു ബാദ്ധ്യതപ്പെട്ടവനാകുന്നു. അവൻ ഒരു നേതാവാകാൻ ബാദ്ധ്യതപ്പെട്ടവനാകുന്നു, ജനങ്ങളുടെ ഒരു നേതാവ്, അത് അവൻ സ്വയം, കയ്യിടാത്ത എന്തെങ്കിലും കാര്യത്തിൽ സംസാരിക്കുന്നതല്ല. നാം മുമ്പോട്ട് കടന്നു വന്നു ജനങ്ങളുടെ നേതാവായിരിക്കണം.

7 ഇന്ന് രാവിലെ സമയം, എനിക്ക് വളരെ വിചിത്രമായതും, അപൂർവ്വമായ ഒരു അനുഭവം ഇവിടെ ഈ പ്രസ്സംഗ പീഠത്തിൽ നിന്നും ലഭിക്കുകയുണ്ടായി. അത് കഴിഞ്ഞ സന്ദേശത്തിൻ്റെ, ഏകദേശം അവസാനത്തെ ഭാഗത്തു സംഭവിച്ചതായിരുന്നു, ഞാൻ ആ രീതിയിൽ അത് പറയുന്നതിന് ഉദ്ദേശ്ശിച്ചിട്ടില്ലായിരുന്നു. നോക്കൂ? എന്നാൽ ഞാൻ അത് പറഞ്ഞു കഴിഞ്ഞിരിക്കുകയും, എനിക്ക് അതിനെക്കുറിച്ചു ഇപ്പോൾ ഒന്നും തന്നെ ചെയ്യാൻ കഴിയുകയില്ല. എന്നാൽ അതിനുശേഷം ഞാൻ വീട്ടിൽ എത്തിയിട്ട്, അതിനെക്കുറിച്ചു പഠിക്കാൻ തുടങ്ങി.

8 ഇന്ന് രാവിലെ ഞങ്ങൾക്ക് ഒരു ചെറിയ കുടുംബപരമായ ഒത്തു ചേരൽ ഉണ്ടായിരുന്നു, അത് എൻ്റെ സഹോദരൻമാരും മറ്റെല്ലാവരും കൂടിയായിരുന്നു. അമ്മ പോയിക്കഴിഞ്ഞിരുന്നു. ഞങ്ങൾ അമ്മയുടെ വീട്ടിൽ സാധാരണ കണ്ടുമുട്ടുമായിരുന്നു, എന്നിട്ട് ഞങ്ങൾ ഡെലോറെസ് വരെ പോകുമായിരുന്നു'. ഇന്നുച്ചനേരം ഞങ്ങൾക്കു വളരെ നല്ല ഒരു സമയമായിരുന്നിട്ട്, ഞങ്ങൾ സംസാരിക്കുകയും, ടെഡ്ഡിയും ഞങ്ങളോട് ഒപ്പമുണ്ടായിരുന്നു. ഞങ്ങൾ കുറച്ചു പാട്ടുകൾ പാടുകയും, കുറച്ചു സ്തുതി ഗീതങ്ങളും മറ്റും പാടി ആലപിച്ചിരുന്നു.

9 ഇപ്പോൾ ഞാൻ വിചാരിക്കുന്നു, കർത്താവ് അനുവദിക്കുന്ന പക്ഷം, അടുത്ത ഞായറാഴ്ച രാവിലെ സഹോദരൻ നെവിൽ കാര്യമാക്കുന്നില്ലെങ്കിൽ, ഞാൻ ഒരു രോഗ ശാന്തിയുടെ ശുസ്രൂഷ, രോഗ ശാന്തിക്ക് വേണ്ടി മാത്രമായി സമർപ്പിക്കപ്പെട്ട ശുസ്രൂഷ ആയിരിക്കും. കൂടാതെ ഞാൻ—ഞാൻ വിചാരിക്കുന്നത്, ഇന്ന് രാവിലത്തെ സന്ദേശം കൊണ്ടുവരുന്നതിൽ കൂടി, കർത്താവ് എന്നെ അതിലേക്ക നയിക്കുന്നതായി കാണപ്പെടുകയും, അത് കൊണ്ടു വരുന്നതിനും ആകുന്നു, അത് കൊണ്ടുവരുന്നതിൽക്കൂടെ അത് നമ്മെ

കുറച്ചുകൂടി ഒരു രീതിയിൽ, ഉത്തേജിപ്പിക്കേണ്ടതാകുന്നു, നിങ്ങൾ നോക്കു, അത്—അത്—അത്—വാസ്തവമായും വിശ്വസിക്കുന്നതിനാകുന്നു. നാം—നാം കളിച്ചു ചിരിച്ചു നടക്കുകയും, നാം—നാം വ്യത്യസ്തമായ കാര്യങ്ങളെ എടുക്കുകയും അവയെക്കുറിച്ചു സംസാരിക്കുകയും ചെയ്യുന്നു. എന്നാൽ ഒരു വെളിപ്പെടുത്തലിലേക്ക് വരുമ്പോൾ അത് എന്തോ വ്യത്യസ്തമായ കാര്യമാകുന്നു. അതുപോലെ...

10 ആരോ എന്നോട് പറഞ്ഞിരുന്നു, അത് പിന്നിലായിരിക്കുന്ന എൻ്റെ സഹോദരൻ എന്നോട് പറഞ്ഞിരുന്നതായി ഞാൻ വിചാരിക്കുന്നു, അത് എന്നോട് ഒരു—ഒരു ചെറിയ കഥ പോലെ ഇന്ന് പറഞ്ഞതായിരുന്നു, അതൊരു മനുഷ്യനെക്കുറിച്ച്, ഒരു—ഒരു ദൈവദാസനെയും അദ്ദേഹത്തിൻ്റെ...ഏതോ ഏതോ, ഒരു സഭയെ കുറിച്ചും ആയിരുന്നു, അദ്ദേഹം പറഞ്ഞു തനിക്കൊരു മരത്തടിയും എടുത്തുകൊണ്ടു നടക്കാൻ കഴിയും.

അദ്ദേഹം പറഞ്ഞു, "പാസ്റ്റർ, തീർച്ചയായും, കർത്താവ് നിങ്ങളോട് കൂടെ ആകുന്നു".

അദ്ദേഹം പറഞ്ഞു "ഞാൻ മറി കടന്നു പോകുമ്പോൾ, എനിക്ക് ഒരു മരത്തടിയും തോളിന്മേൽ കയറ്റി മറി കടക്കാൻ കഴിയും."

"തീർച്ചയായും, കർത്താവ് നിങ്ങളോട് കൂടെ ആകുന്നു". അങ്ങനെ അദ്ദേഹം ചെന്ന് അത് ചെയ്യുക തന്നെ ചെയ്തു.

11 അദ്ദേഹം പറഞ്ഞു, "എനിക്ക് ഒരേ സമയത്ത് തന്നെ, ഒരു മരത്തടിയും ഒരു ഒറ്റ കൈവണ്ടിയും ഉരുട്ടിക്കൊണ്ട് മറി കടക്കാൻ കഴിയും."

12 "തീർച്ചയായും, പാസ്റ്റർ കർത്താവ് നിങ്ങളോടൊപ്പം ആകുന്നു. നിങ്ങളുടെ വിശ്വാസത്തിന് എന്തും ചെയ്യാൻ പറ്റും."

13 അദ്ദേഹം പറഞ്ഞു, "എനിക്ക് നിങ്ങളെയും ഒരു ഒറ്റ കൈ വണ്ടിയിൽ ഇരുത്തി, ഒരു മരത്തടിയും എടുത്തുകൊണ്ട് പോകാൻ കഴിയും."

അദ്ദേഹം പറഞ്ഞു, "ഇപ്പോൾ ഒരു നിമിഷം നിൽക്കു!" നോക്കു?

14 നിങ്ങൾ നിങ്ങളെ തന്നെ സ്വയം അതിൽ ഉൾപ്പെടുത്തുമ്പോൾ, പിന്നെ അതൊരു വ്യത്യസ്തമായ കാര്യമാകുന്നു. നോക്കു? ഇപ്പോൾ, അതായത്, അതിനെക്കുറിച്ചു പറയുന്നത് നമുക്കിവിടെ ഒരു വലിയ മഹത്തായ കാര്യമായിരിക്കാം, "ആമേൻ." "അത് സത്യമാകുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു" എന്ന് പറയുന്നത്, നമുക്ക് ഒരു വലിയ മഹത്തായ കാര്യം ആയിരിക്കാം, എന്നാൽ പിന്നെ അതിനെ

പ്രവർത്തിയിൽ ആക്കുക. നിങ്ങൾക്ക് അതിനെ പ്രവർത്തിയിൽ ആക്കേണ്ടത് ആവശ്യമാകുന്നു.

15 അത് ഇന്നു രാവിലെ ഞാൻ ആ പ്രസ്താവന കൊണ്ടു വന്നതു പോലെ ആകുന്നു, ജനങ്ങൾ പത്രോസിൻ്റെ നിഴലിൽ കിടക്കുകയായിരുന്നു, അവർ ഒരിക്കലും പ്രാർത്ഥനയ്ക്ക് വേണ്ടി പോലും അപേക്ഷിച്ചിരുന്നില്ല.

16 ഞാൻ വളരെയധികം കുടുംബങ്ങളിലേക്ക്, ഇത് ശ്രദ്ധിച്ചു കൊണ്ട് കടന്നു പോയിട്ടുണ്ട്. ഞാൻ പോകുന്നതിനു മുമ്പ് പ്രാർത്ഥിച്ചിട്ട്, അതേ അഭിഷേകവുമായി അവിടേക്ക് കടന്നുചെല്ലും, ജനങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുക പോലും ചെയ്യാതെ, ഇറങ്ങി പോരുകയും അവർ സൗഖ്യമാക്കപ്പെടുകയും ചെയ്യുന്നു. നോക്കു? നോക്കു? അത് ശരിയാണ്. ഞാൻ വളരെയധികം സമയങ്ങളിൽ അത് ഇപ്രകാരം പ്രവർത്തിച്ചു കണ്ടിട്ടുണ്ട്! നോക്കു? നിങ്ങളുടെ വിശ്വാസത്തെ നിങ്ങൾക്ക് എവിടെയെങ്കിലും സ്ഥാപിക്കേണ്ടതായിട്ടുണ്ട്. നിങ്ങൾക്ക് അത് വിശ്വസിക്കേണ്ടതായിട്ടുണ്ട്. ആ നാഴിക സമീപിച്ചു കൊണ്ടിരിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു, അങ്ങനെ അതിപ്പോൾ ആകുന്നു.

17 ഇത് ടേപ്പുകളിൽ രേഖപ്പെടുത്തുന്ന ഒരു ശുശ്രൂഷയല്ല എന്ന് ഞാൻ മനസ്സിലാക്കുന്നു. അവർ സ്വയം അവർക്കുവേണ്ടി ഒരെണ്ണം ഉണ്ടാക്കാനിടയുണ്ട്, എന്നാൽ ഇത് ടേപ്പുകളിൽ രേഖപ്പെടുത്തിയിട്ട് രാജ്യത്ത് എല്ലായിടത്തും പോകുന്ന ഒന്നല്ല. അത്...

18 ഇതു തന്നെ ഞാൻ ഇന്ന് രാവിലെ സംസാരിക്കുകയും അത് നമ്മെ നേരെ ഒരു—ഒരു ഉച്ചകോടിയിൽ എത്തിക്കുകയും ചെയ്തിരിക്കുന്നു, ആ കാരണത്താലാണ് ഞാൻ അടുത്ത ഞായറാഴ്ച ഒരു—ഒരു—ഒരു രോഗശാന്തി സഭ എടുക്കാൻ പോകുന്നത്. കാരണം, ഞാൻ വീട്ടിലായിരുന്ന സമയം മുതൽ, ഞാൻ നിങ്ങളോട് ദർശനങ്ങളെക്കുറിച്ചും എന്താണ് സംഭവിച്ചിരുന്നത് എന്നും, അതുപോലെയുള്ള എല്ലാം പറഞ്ഞിരുന്നു, അത് ഞാൻ എന്തുകൊണ്ടാണ് ഈ കാര്യങ്ങളെല്ലാം ചെയ്തിരുന്നത്, എന്നുള്ളതിലേക്ക് നേരെ അതിനെ കൊണ്ടുവന്നിരിക്കുന്നു. അങ്ങനെ അതിനു ശേഷം ഇന്ന് രാവിലെ, അതിനെ അത് അവസാനത്തെ ആ വലിയിലേക്ക് കൊണ്ടു വന്നിരിക്കുന്നു.

19 ഇപ്പോൾ ഇത് ദൈവത്തോട് സമർപ്പണത്തിനുള്ള എൻ്റെ സമയമാകുന്നു; അതോടൊപ്പം എന്നോട് സംസാരിക്കാനുള്ള ദൈവത്തിൻ്റെ സമയമാകുന്നു. നോക്കു എൻ്റെ—എൻ്റെ—എൻ്റെ സ്വന്തം ജീവിതത്തിൽ എനിക്ക് ഒരു ചെറിയ മാറ്റം ഉണ്ടായിരിക്കണം, അതായത്, അത് ഞാനൊരു ദുഷ്ടൻ ആണെന്ന്

എന്നെക്കുറിച്ച് വിചാരിക്കുകയല്ല, എന്നാൽ ഞാൻ—ഞാൻ ജനങ്ങളോട് കുറച്ചുകൂടി കൂടുതൽ അടുത്തായി അനുഭവിച്ചറിയാൻ ആഗ്രഹിക്കുകയാണ്, നോക്കു, അത് ഈ സുവിശേഷ സത്യത്തെ അതിനെക്കുറിച്ച്...ഞാൻ പറയാൻ ശ്രമിച്ച ആ ജനങ്ങളോട് ആകുന്നു, അവർ അതിന് പുറം തിരഞ്ഞിട്ട്, അതിൽ നിന്ന് മാറിപ്പോവുകയും അതിനെ പരിഹസിക്കുകയും ചെയ്തു.

20 ഇപ്പോൾ, എന്നെ സംബന്ധിച്ചിടത്തോളം, അതെനിക്ക് ഒരു അപമാനമായി കാണപ്പെടുന്നു. എന്നെ സംബന്ധിച്ചിടത്തോളം, ഞാൻ അത് കാര്യമാക്കുന്നില്ല; എന്നാൽ ഞാൻ പറഞ്ഞു കൊണ്ടിരുന്നതായ കാര്യങ്ങൾ, അത് നിങ്ങളെ സഹായിക്കുന്നതിനു വേണ്ടി ശ്രമിച്ചിരുന്ന സത്യങ്ങൾ ആകുന്നു. അത് ഒഴുക്കിലേക്ക് പോകാൻ പോകുന്ന ഒരു വള്ളത്തെ പോലെയാകുന്നു, എന്നിട്ട് പറയുകയാണ്, "ഇവിടെ, ഇവിടെ ഇതാ, ഇതിൽക്കൂടെ മറികടക്കാം! ഇവിടെ, ആ കരകവിയുന്ന ഒഴുക്കിൽ നിന്നും പുറത്തുകടക്കുക, നിങ്ങൾ മരിക്കാൻ പോവുകയാണ്! നിങ്ങൾ, അവിടെ നശിക്കാൻ പോകുകയാണ്!" അപ്പോൾ അവർ നിങ്ങളെ നോക്കി പരിഹസിച്ചു കൊണ്ട്, അതിൽ നിന്നും മാറി പോകുന്നു. കൊള്ളാം എന്നെ സംബന്ധിച്ചിടത്തോളം, എനിക്ക് തോന്നുന്നത്, അവർ അതിൽ നിന്നും മാറി പോവുകയാണെങ്കിൽ, പിന്നെ അതിനെക്കുറിച്ച് എനിക്ക് ചെയ്യാൻ കഴിയാവുന്നതായി യാതൊന്നുമില്ല, നോക്കു, എനിക്ക് ചെയ്യാൻ കഴിയാവുന്നതായി ഒന്നുമില്ല.

21 എന്നാൽ ഞാൻ നദീതീരത്തേക്ക് ഓടി ചെന്നിട്ടു ഇപ്പോൾ അവരെ പ്രേരിപ്പിച്ചുകൊണ്ടു പറയാൻ ആഗ്രഹിക്കുന്നു, "തിരികെ വരൂ!" നോക്കു, എനിക്ക് ആ തോന്നൽ ഉണ്ടായിരിക്കണം, മനസ്സിലായോ, കാരണം ഇതുവരെയും കടന്നുവരാത്തതായി ആരോ പുറത്തായി അവിടെയുണ്ട് എന്ന് ഞാൻ അറിയുന്നു. അതുകൊണ്ട് ഞാൻ—ഞാൻ അവസാനത്തെ മീൻ പിടിക്കുന്നതുവരെ തുടരുകയാണ്...അവൻ പറഞ്ഞതുപോലെ, അവസാനത്തെ മീനും പിടിക്കപ്പെടുന്നതുവരെ ആകുന്നു. ഞാൻ—ഞാൻ അത് ചെയ്യാൻ ആഗ്രഹിക്കുന്നു.

22 ഇപ്പോൾ, അങ്ങനെ ഇപ്പോൾ, അത് ചെയ്യുന്നതിനു വേണ്ടി, ഒരു പ്രാർത്ഥനയുടെ യോഗത്തിൽ എന്തെങ്കിലും സംഭവിക്കുന്നത് ഞാൻ പ്രതീക്ഷിക്കുന്നു. എന്തെങ്കിലും...നിങ്ങളിൽ വളരെയധികം പേരും അവസാനത്തെ വലിയെ കുറിച്ചുള്ള—ദർശനം ഓർക്കുന്നുണ്ടായിരിക്കുമല്ലോ— അതിനെ മൂന്നാമത്തെ വലി എന്ന് വിളിക്കുന്നതായിരിക്കും ഏറ്റവും നല്ലത് നിങ്ങൾ ഓർക്കുന്നുണ്ടോ? അതിനു തൊട്ടു മുമ്പായി എന്തോ ചില കാര്യങ്ങൾ

സംഭവിക്കുകയുണ്ടായി: ഞാൻ ആ പ്രകാശത്തെ താഴേക്ക് ഇറങ്ങി വന്ന് ഒരു സ്ഥാനത്തേക്ക് പോകുന്നതായി കാണുകയും, എന്നിട്ട് അത് എന്നോട്, "ഞാൻ നിന്നെ അവിടെ കണ്ടു മുട്ടും" എന്ന് പറയുകയുണ്ടായി. ഇപ്പോൾ എന്തെങ്കിലും സംഭവിക്കുന്നതിനായി ഞാൻ നോക്കി കൊണ്ടിരിക്കുന്നു.

23 ഇവിടെ വർഷങ്ങൾക്കു മുമ്പ്, യോഗങ്ങളും വിവേചനങ്ങളും നടക്കുമ്പോൾ അത് എന്നെ വളരെ ബലഹീനൻ ആക്കി തീർക്കുമായിരുന്നു ഞാൻ ഇടറിവീഴാൻ പോകുന്നത് പോലെ ആകുകയും ചെയ്തിരുന്നു നിങ്ങളിൽ പലരും അത് ഓർക്കുന്നുണ്ടാകും. എനിക്ക് നിൽക്കാൻ കഴിയുന്ന ഒരു സ്ഥാനത്ത് എത്തുന്നതിനുവേണ്ടി ജാക്ക് മൂർ എൻ്റെ ഒരു വശത്തായും, മറ്റെ വശത്തായി സഹോദരൻ ബ്രൗൺ നിൽക്കുമായിരുന്നു, യോഗത്തിനുശേഷം ഏകദേശം ഒരു മണിക്കൂറോളം അവർ എന്നെ വഴിയിൽ അങ്ങോട്ടു-മിങ്ങോട്ടും-നടത്തുമായിരുന്നു. എന്നാൽ ഞാൻ, എവിടെയായിരുന്നു—എന്താണ് സംഭവിച്ചുകൊണ്ടിരുന്നതെന്നും ചിന്തിക്കാൻ ശ്രമിക്കുമായിരുന്നു. എന്നിട്ട് രാത്രി മുഴുവനും അവിടെ കിടന്നു കൊണ്ട്അതിനെ കുറിച്ച് ചിന്തിക്കുകയും, പിന്നെ കരയുകയും അങ്ങനെ എല്ലാം ആയിട്ട്, അവർ എന്തുകൊണ്ട് കർത്താവായ യേശുവിനെ സ്വീകരിക്കുന്നില്ല എന്ന് അത്ഭുതപ്പെട്ടുമായിരുന്നു.

24 അതിനുശേഷം അവൻ എന്നോട് ഒരു ദർശനത്തിൽ കൂടി പറഞ്ഞു, "ഒരു വട്ടം നീ ഒരു മഹിളയെ കണ്ടുമുട്ടും അവർ നിൻ്റെ അടുക്കൽ വരും, അവർ തവിട്ടു നിറമുള്ള വസ്ത്രം ധരിച്ചിരിക്കും, അവർ ഒരു കൊച്ചു കുഞ്ഞിനെ ഒരു പുതപ്പിൽ പൊതിഞ്ഞ് എടുത്തിരിക്കും, ആ സമയം മുതൽ, നിനക്കു കൂടുതൽ ശക്തമാകുന്നതിനുള്ള ശക്തി ലഭിച്ചിരിക്കും." ശരി, ഇതിനെക്കുറിച്ച് എല്ലാം ഞാൻ നിങ്ങളോടു പറഞ്ഞു കഴിഞ്ഞിരിക്കുന്നു. അത് ചിക്കാഗോയിൽ വച്ച് സംഭവിച്ചിരുന്നു, അന്ന് രാത്രിയിൽ പ്രസ്ബിറ്റേറിയൻകാരിയായ ആ മഹിളയെ, അവരുടെ തന്നെ സ്വന്തം പാസ്റ്റർ ഈ കൊച്ചു കുഞ്ഞിനെയും കൊണ്ട് അവരെ അവിടേക്ക് അയച്ചിരുന്നു.

25 അദ്ദേഹത്തിൻ്റെ സഹോദരനോ, അല്ലെങ്കിൽ മറ്റാരോ ഒരാൾ, ഒരു—ഒരു ഡോക്ടർ ആയിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. അദ്ദേഹം പറഞ്ഞു "സർവ്വശക്തനായ ദൈവം ഈ കുട്ടിയെ തൊടാതെ മറ്റു യാതൊരു ആശയും ഇനിയും അവശേഷിക്കുന്നില്ല." അദ്ദേഹം പോവുകയും...

26 ഈ മഹിള ചെന്ന് അവരുടെ പാസ്റ്ററോട് പറയുകയും ചെയ്തു. അവരുടെ പാസ്റ്റർ പറഞ്ഞു, "ഞാൻ—ഞാൻ ഇതിന്

യോഗ്യതയുള്ളവനല്ല," എന്നിട്ട് പറഞ്ഞു "ഈ—ഈ ദിവ്യ രോഗശാന്തിക്ക് വേണ്ടി പ്രവർത്തിക്കുന്നതിന്, കാരണം എൻറെ—എൻറെ പക്കൽ...അത് ചെയ്യുന്നതിനുവേണ്ടി എടുക്കുന്നതായ വിശ്വാസം അത് എൻറെ ഉള്ളിൽ എനിക്കില്ല." ഇപ്പോൾ, അത്, അതിനെക്കുറിച്ച് ആത്മാർത്ഥതയേറിയ ഒരു കാര്യമാകുന്നു. നോക്കു? അദ്ദേഹം പറഞ്ഞു "എൻറെ ഉള്ളിൽ എനിക്ക് അത് ഉണ്ടായിരിക്കുന്നില്ല." എന്നിട്ട് അദ്ദേഹം പറഞ്ഞു, "എന്നാൽ ഒരു വട്ടം ഞാൻ സഹോദരൻ ബ്രൺഹാമിൻ്റെ യോഗത്തിൽ സംബന്ധിച്ചിരുന്നു, അതുകൊണ്ട് എൻ്റെ അഭിപ്രായത്തിൽ നിങ്ങൾ ഈ—ഈ കുഞ്ഞിനെയും കൊണ്ട് സഹോദരൻ ബ്രൺഹാമിൻ്റെ യോഗത്തിലേക്ക് പോകുക." ഡോക്ടർ ഈ കുട്ടിയെ ഉപേക്ഷിച്ചിരിക്കുകയും, ഈ കുട്ടി മരിക്കാൻ പോവുകയായിരുന്നു.

27 ഈ മഹിള അവിടേക്ക് എത്തുകയും അവിടെ ഞാൻ, ഏതോ തരത്തിൽപ്പെട്ട ഒരു—ഒരു യോഗം നടത്തുകയായിരുന്നു. അത് കത്തോലിക്കരായ കുറച്ച് കുട്ടികൾക്കു വേണ്ടി അവിടെ കത്തിയെരിച്ചുകളയപ്പെട്ട, ഒരു സ്കൂളിൽ നടത്തുകയായിരുന്നു, അതിനെക്കുറിച്ച് നിങ്ങൾക്ക് അറിയാമല്ലോ. അത് എപ്പോഴായിരുന്നു എന്ന് നിങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ. ഞങ്ങൾ അവിടെ യോഗം നടത്തിക്കൊണ്ടിരിക്കുമ്പോൾ, തവിട്ടു വസ്ത്രം ധരിച്ച ഈ മഹിള നേരെ പ്രസംഗപീഠത്തിനടുത്തേക്കു കടന്നു വരികയായിരുന്നു. എൻ്റെ ഭാര്യയും മറ്റുള്ളവരും അവിടെ ഇരിപ്പുണ്ടായിരുന്നു, ഞാൻ പറഞ്ഞു... അപ്പോൾ ഞാൻ തിരിഞ്ഞു നോക്കുകയും, ഞാൻ ചുറ്റുപാടുമായി തിരിഞ്ഞു, അവർ അവിടെ നിൽപ്പുണ്ടോ എന്ന് നോക്കുകയായിരുന്നു. അതിനുശേഷം എന്തു സംഭവിച്ചിരുന്നു എന്ന് വെച്ചാൽ, ഞാൻ കടന്നു വരുന്നതിനു മുമ്പായി, ബില്ലി പോളും മറ്റുള്ളവരും അവരോട് സംസാരിച്ചു കഴിഞ്ഞിരുന്നു എന്ന് ഞാൻ കരുതുന്നു, അല്ലെങ്കിൽ എൻറെ ഭാര്യയോ അല്ലെങ്കിൽ അവരിൽ ചിലർ, ഈ കുഞ്ഞിനെയും കൊണ്ടുവന്നിരുന്ന മഹിളയോട് സംസാരിച്ചിരുന്നു. അങ്ങനെ ഈ മഹിള നേരെ പ്രസംഗപീഠത്തിൽ കടന്നുവരികയും, പരിശുദ്ധാത്മാവ് ആ മുഴുവൻ കാര്യങ്ങളെയും വെളിപ്പെടുത്തുകയും, ആ കുഞ്ഞിനെ അവിടെ വച്ച് സൗഖ്യമാക്കുകയും ചെയ്തു.

28 ഞാൻ അവിടെ നിന്നും നടന്നു മാറി പോവുകയും, അതിനു ശേഷം മുതൽ പിന്നെ ഞാൻ ക്ഷീണിക്കാറുണ്ടായിരുന്നില്ല. നോക്കു, ഇതെന്നെ ശല്യപ്പെടുത്തുന്നില്ല, കൂടാതെ ഞാൻ—ഞാൻ മുന്നോട്ടു തുടർന്ന് പോകുകയും ചെയ്യുന്നു.

29 ഇപ്പോൾ എന്തെങ്കിലും ഒരു കാര്യം സംഭവിക്കുന്നതിനായി ഞാൻ കാത്തിരിക്കുകയും, അത് ആ മൂന്നാം വലിയെ അതിൻ്റെ ലക്ഷ്യത്തിൽ തുടങ്ങുന്നതിനുമാകുന്നു. നോക്കൂ? ഒരുപക്ഷേ അടുത്ത ഞായറാഴ്ച രാവിലത്തെ രോഗ ശാന്തിയുടെ യോഗത്തിൽ, അത് അതിനെ ഉൽപാദിപ്പിക്കാനിടയാകട്ടെ. എനിക്കറിയില്ല.

30 നമുക്ക് ചെയ്യാനായിട്ട് ഉള്ളതെന്ന് ഞാൻ വിചാരിക്കുന്നത്, ഇതിനെക്കുറിച്ച് നിങ്ങളുടെ ജനങ്ങളോട് പറയുകയും, രോഗികളായവരെ കൊണ്ട് വരുകയുമാണ്. ഇപ്പോൾ, ഒരു രോഗശാന്തിയുടെ ശുശ്രൂഷയ്ക്ക് വേണ്ടി, നമുക്ക് രോഗികളായ ജനങ്ങൾക്ക് വേണ്ടി സമർപ്പിക്കേണ്ടത് ആവശ്യമാകുന്നു. നിങ്ങളുടെ രോഗികളായ ജനങ്ങളെ കൊണ്ടുവരിക, അടുത്ത ഞായറാഴ്ച അതിരാവിലെ, ഏകദേശം എട്ടോ അല്ലെങ്കിൽ എട്ടര മണിയോട്ടുകൂടി ഇവിടെ എത്തിക്കുക, അവർ വാതിലിൽ കൂടി കടന്നുവരുമ്പോൾ നാം അവർക്ക് പ്രാർത്ഥനയുടെ കാർഡുകൾ വിതരണം ചെയ്യുന്നതിനിടയാക്കും, എങ്ങനെയായിരുന്നാലും അവർ അത് ചെയ്യുന്നതായിരിക്കും. അതിനുശേഷം നമുക്ക് പ്രാർത്ഥനയുടെ ഒരു നിര ഉണ്ടായിരിക്കുകയും രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും, പരിശുദ്ധാത്മാവ് എന്ത് പ്രവർത്തിക്കുന്നു എന്ന് നമുക്ക് കാണുകയും ചെയ്യാം.

31 നാം അവനെ വിശ്വസിക്കുക മാത്രം ചെയ്യുകയാണെങ്കിൽ അവൻ നമ്മുടെ ഇടയിൽ അത്ഭുതങ്ങൾ പ്രവർത്തിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു, നോക്കൂ. എന്നാൽ അതിനുവേണ്ടി ഇപ്പോൾ നമ്മുടെ പൂർണ്ണഹൃദയത്തോടെ, നമുക്ക് അവനെ വിശ്വസിക്കേണ്ടത് ആവശ്യമാകുന്നു. ആ മഹത്തായ നാഴിക ഇവിടെ എത്തിയിരിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുകയും, ഇന്ന് രാവിലെ അതിനെക്കുറിച്ച് നാം വളരെയധികമായി സംസാരിക്കുകയും, അവൻ അത്രമാത്രം കാര്യങ്ങളെ നമുക്ക് കാണിച്ചിരിക്കുകയും, നമ്മെ ഒരു പ്രത്യേക... സ്ഥാനത്ത് എത്തിച്ചിരിക്കുകയും ചെയ്തിരിക്കുന്നു. ആ ചെറിയ മല മുകളിലേക്ക് ഒന്ന് കയറുക, അത് മാത്രമാണ് നിങ്ങൾക്ക് ചെയ്യാൻ ആവശ്യമായിട്ടുള്ളത്, അതിനുശേഷം ഇതാ അത് ദൂരത്തേക്ക് പോകുന്നു. നോക്കൂ, അത്—അത് പോകുന്നത് അത് നേരത്തെ ആയിരുന്നതുപോലെ തന്നെയുള്ള ഒന്നായിട്ട്, അതേ കാര്യം തന്നെ വിവേചനത്തോട് കൂടിയും, അതേ കാര്യം തന്നെ പ്രവചനത്തോട്ടുകൂടിയും, ആയിരുന്നത് ശ്രദ്ധിക്കുക.

32 ഞാൻ കാൽഗരിയിൽ നിൽക്കുകയായിരുന്നു...എന്നോട് ക്ഷമിക്കണം, അത് റെജിനായിലുള്ള ക്വീൻ സിറ്റി ആയിരുന്നു,

റെജിനായിലായിരുന്നു. ഏൺ ബാക്സ്റ്റർ അവിടെ നിൽപ്പുണ്ടായിരുന്നു, കൂടാതെ ഞങ്ങൾ ഒരു കൂട്ടം ആൾക്കാരും ഉണ്ടായിരുന്നു. കൂടാതെ കർത്താവ് ഇവിടെ തന്നെ, പ്രസംഗപീഠത്തിൽ വച്ച് എന്നോട് പറഞ്ഞിരുന്നു, "നീ അവരുടെ ഹൃദയ രഹസ്യങ്ങളെ അറിയുന്ന ഒരു സമയം കടന്നു വരും." അങ്ങനെ അത് ശരിയായിരുന്നു. ഞാൻ ഒരിക്കലും അതിനെക്കുറിച്ച് ആ രീതിയിൽ വിചാരിച്ചിരുന്നില്ല. ഞാൻ അന്ന് രാത്രിയിൽ പ്രസ്സംഗപീഠത്തിലേക്ക്, ഏണിനൊപ്പം കടന്നു വന്നിട്ട്, ഉടനെ തന്നെ രോഗികൾക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങി. അപ്പോൾ അവിടേക്ക് ഇതാ ഒരു മനുഷ്യൻ കടന്നു വന്നിട്ട്, തൻ്റെ ജീവിതം മുഴുവനും അവിടെ സമർപ്പിച്ചു; ഇതേ രീതിയിൽ ഒരു കാര്യം, ഒരു നിമിഷത്തിനുള്ളിൽ, ഒരു രോഗ ശാന്തിയുടെ യോഗത്തിൽ എപ്പോഴെങ്കിലും സംഭവിക്കുന്നത് ഇത് ആദ്യമായിട്ടായിരുന്നു. അതിനുശേഷം ഞാൻ ശ്രോതാക്കളുടെ മേലേക്ക് നോക്കിയപ്പോൾ, അവിടെ ഇതാ അത് താഴേക്കിറങ്ങി വന്നു ശ്രോതാക്കളുടെ മേൽ ആകുകയും അതുപോലെയുള്ള കാര്യങ്ങളും തുടങ്ങിയിരുന്നു. ഓ, നമ്മൾ മറ്റേ വശത്ത് എത്തി ചേരുമ്പോൾ എന്തായിരിക്കും! അതിൻ്റെ പകുതി ഇതുവരെയും ഒരിക്കലും പറഞ്ഞിട്ടില്ല, അതിനുവേണ്ടി നിങ്ങൾ ജനങ്ങളുടെ ജീവിതങ്ങളിലെ അതുപോലെയുള്ള കാര്യങ്ങൾ ശ്രദ്ധിച്ചു കാണുക. ഞാൻ അതിനെക്കുറിച്ച് യാതൊന്നും പറയാറില്ല. അതിനെ ഒറ്റയ്ക്ക് വിട്ടുകളയുക, നോക്കു, അതിനെ കുറിച്ച് എന്തെങ്കിലും പറയുന്നതിന് വേണ്ടി വാസ്തവമായും ഞാൻ നിർബന്ധിതൻ ആകാതെ ഒന്നും പറയാറില്ല.

33 അങ്ങനെ ഇപ്പോൾ ഇതുപോലെ അതിൻ്റെ അടുത്തത് തുടങ്ങുന്നതിന് വേണ്ടി ഞാൻ കാത്തിരിക്കുന്നു. നോക്കു, ദൈവം, തൻ്റെ സ്വന്തമായ രീതിയിൽ, തൻ്റെ പരമാധികാര സമയത്ത്, അതിനെ തുടങ്ങുന്നു. കൂടാതെ ഇത്—ഇത് മറ്റൊരു കാര്യമായിട്ട്—അത് ഈ രണ്ടു കാര്യങ്ങൾക്കും വളരെ അപ്പുറത്തായ ഒരു കാര്യം ആയിരിക്കും. നോക്കു? അങ്ങനെ അത് സംഭവിക്കുന്നതിന് വേണ്ടി ഞാൻ കാത്തിരിക്കുന്നു.

34 ഒരു പക്ഷേ, അടുത്ത ഞായറാഴ്ച, ഒരു ചെറിയ രോഗ ശാന്തിയുടെ ശുശ്രൂഷ ഉണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ വിചാരിച്ചിരുന്നു. അതിന് ശേഷമുള്ള ഞായറാഴ്ച ഒരുപക്ഷേ ഞാൻ എൻ്റെ കുഞ്ഞുങ്ങളോട് ഒപ്പം പുറത്തു പോകുമായിരുന്നു, കാരണം അവർക്ക് തിരികെ സ്കൂളിൽ പോകേണ്ട സമയം ആയി കഴിഞ്ഞിരുന്നു. അതിനുശേഷം അടുത്ത ഞായറാഴ്ച, ഞാൻ, തീർച്ചയായും, ചിക്കാഗോയിൽ, അവിടെയുള്ള യോഗത്തിൽ ആയിരിക്കും. അതിനുശേഷം തുടർന്നുള്ള

തിങ്കളാഴ്ച ഞാൻ തിരികെ വന്നിട്ട്, ചൊവ്വാഴ്ച അരിസോണയിലേക്ക്, കുഞ്ഞുങ്ങളെ തിരികെ സ്കൂളിൽ വിടുന്നതിനു വേണ്ടി—വേണ്ടി പോകുകയും ചെയ്യും.

35 കൊള്ളാം, പാസ്റ്റർ, നിങ്ങൾ എന്ത് കണ്ടെത്തിയിരിക്കുന്നു? [സഹോദരൻ നെവിൽ പറയുന്നു, "കൊള്ളാം, ഞാൻ വളരെ വിചിത്രമായ ഒരു കാര്യം കണ്ടു പിടിച്ചിരിക്കുന്നു."—Ed.] കൊള്ളാം, അത് വളരെ നന്നായിരിക്കുന്നു, ഇപ്പോൾ നാം അതിനെക്കുറിച്ച് കേൾക്കാൻ ആഗ്രഹിക്കുന്നു.

36 അതുകൊണ്ട് ഇപ്പോൾ—ഇപ്പോൾ കർത്താവു നിങ്ങളെ എല്ലാവരെയും വാസ്തവമായും, വാസ്തവമായും നന്നായി അനുഗ്രഹിക്കട്ടെ. കൂടാതെ ഞാൻ—ഞാൻ നിങ്ങളെ അടുത്ത ഞായറാഴ്ച കാണുന്നതിനായി ആശിക്കുന്നു. അതു ബുധനാഴ്ച രാത്രി ആകുന്നു...

37 കൂടാതെ ശ്രദ്ധിക്കുക. ഈ ചെറിയ സഭകളെ ഒരിക്കലും മറന്നു പോകരുത്, അത് സഹോദരൻ രുടെൽ, സഹോദരൻ ജാക്സൺ, സഹോദരൻ പാർണെൽ, എന്നിവരാകുന്നു, നമ്മുടെ ഈ സഹോദരന്മാർ എല്ലാവരും തന്നെ പുറത്തു ശക്തിയായി, പരിശ്രമിക്കുന്നവരാകുന്നു, നോക്കു. കൂടാതെ നാം അവരുടെ—അവരുടെ—അവരുടെ ഇവിടെയുള്ള സഹോദരി സഭകൾ ആണെന്ന് അവർ നമ്മെക്കുറിച്ച് അനുഭവപ്പെടുന്നു, നിങ്ങൾ മനസ്സിലാക്കുന്നുണ്ടല്ലോ. നാം അവർക്ക് ഒരു തരത്തിൽ ഒരു ചെറിയ മാതൃകൂട്ടത്തെ പോലെ ആകുന്നു. അവിടെയാണ് അവർ ജനിച്ചതും, അവിടെ നിന്നുമാണ്, അവരുടെ പാസ്റ്റർമാരും മറ്റുള്ളവരും കടന്നുവന്നിരിക്കുന്നത്.

38 കൂടാതെ ഇവിടെ പിന്നിലായിരിക്കുന്ന, ഈ സഹോദരനെ, ഞാൻ കഴിഞ്ഞ രാത്രിയിൽ കണ്ടുമുട്ടിയിരുന്നു, അത് അലേൻ ആകുന്നു, സഹോദരൻ അലേൻ ആകുന്നു. നമ്മുടെ ഇവിടെയുള്ള സഹോദരൻ കൊളിൻസ് സഹോദരൻ അലേനുമായി കണ്ടുമുട്ടുമെന്ന് ഞാൻ ആശിക്കുന്നു, അത് അദ്ദേഹത്തെ അറിയില്ലെങ്കിൽ ആകുന്നു. അവർ രണ്ടുപേരും മെഥോഡിസ്റ്റ് സഭയിലെ ദൈവദാസന്മാർ ആകുന്നു, അവർ ദൈവത്തിൻ്റെ വചനത്തിലെ—സത്യത്തെ കണ്ടിരിക്കുന്നു.

39 അത്, ആ—ആ മെഥഡിസ്റ്റ് സഭയെന്ന സഭാസമുദായമാകുന്നു, ആ മെഥഡിസ്റ്റ് സഭയിൽ അവർ ഒരു നല്ല കൂട്ടം ജനങ്ങളാകുന്നു. അവർ അങ്ങനെയല്ല എന്ന് നിങ്ങൾ ഒരിക്കലും ചിന്തിക്കാൻ ഇടയാകരുത്. അവർ അതാകുന്നു. ആ കത്തോലിക്കാ സഭയിൽ അവർ ഒരു നല്ല കൂട്ടം ജനങ്ങൾ ആകുന്നു. അവർ

പ്രെസ്ബിറ്റേറിയൻ സഭയിൽ ഒരു നല്ല കൂട്ടം ജനങ്ങൾ ആകുന്നു. അതുപോലെ എല്ലാ സ്ഥലങ്ങളിലും ആകുന്നു, അത് സ്ത്രീകളും പുരുഷന്മാരും വെളിച്ചം അവരുടെ പാതയിൽ പ്രകാശിക്കുന്നതിനായി കാത്തിരിക്കുന്നവരാകുന്നു. നിങ്ങൾ വിനയത്തോടും, മാധുര്യതയോടും കൂടി, ആ വെളിച്ചത്തെ പ്രകാശിപ്പിച്ചുകൊണ്ടിരിക്കുക. നമ്മെത്തന്നെ താഴ്ത്തിക്കൊണ്ട്, നമുക്കെല്ലാവർക്കും ദൈവത്തോട് കൂടുതൽ അടുത്തായി വളരാം. നോക്കു?

40 ഈ കൂടാരത്തിന് അതിൻറെ ശക്തി നഷ്ടപ്പെടും എന്നുള്ള കാര്യം മറക്കരുത്. ഓർക്കുക അതായത് സാത്താൻ നരകത്തിലെ സകല തോക്കും പരിശീലിപ്പിച്ചിരിക്കുന്നത് ഈ ലക്ഷ്യത്തിലേക്കാണ്. അവൻ ഒരൊറ്റ വ്യക്തിയെ മറ്റുള്ളവർ ചിന്തിക്കുന്നതിൽ നിന്നും വിപരീതമായി എന്തെങ്കിലും ചെയ്യുന്നതിനിടയാക്കും. അവൻ അത് ചെയ്തുകൊണ്ടിരിക്കുന്നു. അവൻ അതു വരെ എത്തിയിരിക്കുന്നു. അത് അവന്റെ തൊഴിൽ ആകുന്നു, അവന് ആരെയെങ്കിലും എന്തെങ്കിലും പറയുന്നതിന് കിട്ടിയാൽ, ആരെയെങ്കിലും മറ്റൊരാളെക്കുറിച്ച് എന്തെങ്കിലും പറയുന്നതിന് കിട്ടിയാൽ മതി, അവൻ പറയും, "ശരി, ശ്രദ്ധിക്കുക, *ഇന്ന-ഇന്ന* ആൾ ചെയ്തിരിക്കുന്നത് എന്താണെന്ന് നിങ്ങൾക്കറിയാമോ?" നിങ്ങൾ അതിനു ചെവി കൊടുക്കരുത്. നിങ്ങൾ അതിന് ഒട്ടും തന്നെ ചെവി കൊടുക്കരുത്. അത് പിശാചാകുന്നു. നോക്കു, അത് സാത്താനാകുന്നു. നിങ്ങൾ അത് വിശ്വസിക്കരുത്.

41 അവിടെ എന്തെങ്കിലും അതായത് ആരെങ്കിലും എന്തെങ്കിലും തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ, അവർക്കു വേണ്ടി പ്രാർത്ഥിക്കുക. ഒരു സ്വാർത്ഥമായ രീതിയിൽ നിങ്ങൾ പ്രാർത്ഥിക്കരുത്, അത് ഇപ്രകാരം പറഞ്ഞു കൊണ്ട് ആകരുത്, "എനിക്കറിയാം ഇത് എൻറെ കർത്തവ്യമാകുന്നു, എനിക്ക് ആ സഹോദരന് വേണ്ടി പ്രാർത്ഥിക്കേണ്ടതാവശ്യമാകുന്നു." നിങ്ങൾ അതിനെ നിങ്ങളുടെ ഹൃദയത്തിൽ എടുക്കുക, വാസ്തവമായും ആഴത്തിലേക്ക്, ആ സഹോദരിക്കുവേണ്ടി എടുക്കുക. എന്നിട്ട് അവരോട് വാസ്തവമായും മാധുര്യതയോട് സംസാരിക്കുക, അപ്പോൾ ആദ്യത്തെ കാര്യം എന്താണെന്ന് നിങ്ങൾക്കറിയാമോ, നിങ്ങൾ അവരെ ഉടൻ തന്നെ അടുത്ത സഭായോഗത്തിൽ വീണ്ടും കാണും. നോക്കു? കാരണം, എല്ലാത്തിനും ഉപരിയായി, നാമെല്ലാവരും സൂര്യാസ്തമയത്തിന് നേരെ പൊയ്ക്കോണ്ടിരിക്കുന്നതാണ്.

42 കർത്താവായ യേശു ഈ വരുന്ന ദിവസ്സങ്ങളിൽ ഒന്നിൽ എത്തിച്ചേരുന്നതാണ്. കൂടാതെ, നിങ്ങൾക്കറിയാമല്ലോ, അത് അത്രയും പെട്ടെന്നും അത്രയും—അത്രയും മാധുര്യതയോടും

കൂടിയായിരിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു, അതുകൊണ്ട് അത് ലോകം മുഴുവനുമുള്ള നൂറു ശതമാനം-...നൂറിന്റെ നൂറിൽ ഒരു ശതമാനം പോലും ജനങ്ങൾ എപ്പോൾ ആ ഉൽപ്രാപണം നടന്നുവെന്ന് ഒരിക്കലും അറിയുക പോലുമില്ല. അത് അത്രയും ശാന്തമായി പൊയ്ക്കഴിഞ്ഞിട്ട് അതിനെക്കുറിച്ച് ആരും ഒന്നും അറിയുക പോലുമില്ല. നോക്കൂ?

43 അവിടെ, തീർച്ചയായും, ചെറിയ ചെറിയ കൂട്ടങ്ങൾ ഉണ്ടായിരുന്നിട്ട് അവർ പറയും, "ശരി, ഇപ്പോൾ, *ഇന്ന-ഇന്ന* ആൾ എവിടെയാകുന്നു?"

44 "ഓ, അവർ പറയും അവിടെ ഒരു പ്രാന്ത് പിടിച്ച കൂട്ടമുണ്ടായിരുന്നു, അത് ഇവിടെ നിന്നും വിട്ടുപോയ ഒരു കൂട്ടമായിരുന്നു, അവർ... അത് അങ്ങനെ ഉള്ളവരല്ല. അവർ എവിടെയെങ്കിലും പുറത്തു പോയിട്ടുണ്ടാകും. ആ മതഭ്രാന്ത് നമുക്കവിടെ ഉണ്ടായിരുന്നു, നോക്കൂ."

45 "ശരി, അവർ പറയും അവിടെയുള്ള ആ ചെറിയ കൂടാരം, അത് ജെഫേഴ്സൺവിൽ എന്ന് വിളിക്കപ്പെടുന്ന ഒരു സ്ഥലത്താകുന്നു, അവിടെയുള്ള വളരെയധികം അംഗങ്ങൾ കാണാതായിരിക്കുന്നു."

46 നോക്കൂ, അവർ അത് കളി പോലെയാക്കി എടുത്തു കളയും. അവർ പറയും, "ഓ, അതിനെക്കുറിച്ച് യാതൊരു കാര്യവുമില്ല, നിങ്ങൾ നോക്കൂ," അതിപ്രകാരമായിട്ട്, അത് കഴിഞ്ഞു പോയിരിക്കുകയും അതിനെക്കുറിച്ച് അവർ യാതൊന്നും തന്നെ അറിയുകയുമില്ല.

47 രാജ്യത്തുടനീളം നിന്നും, അവർ വരും, ക്രിസ്തുവിൽ നിദ്ര പ്രാപിച്ചവർ ആദ്യം ഉയിർത്തെഴുന്നേൽക്കും. ഉൽപ്രാപണം സംഭവിക്കും, സഭ വീട്ടിലേക്ക് എടുക്കപ്പെടും. അതിനു ശേഷം മഹാ കഷ്ടതയുടെ കാലം കടന്നുവരും, അപ്പോൾ, ഓ, എന്റെ, ആ സമയത്ത് നാം ഇവിടെ ആയിരിക്കാൻ ആഗ്രഹിക്കുന്നില്ല. മഹാകഷ്ടതയുടെ കാലത്ത് ഞാനിവിടെ ഉണ്ടായിരിക്കാൻ ആഗ്രഹിക്കുന്നില്ല. ഇല്ല. ദൈവം അതിന് ഇടയാക്കാതിരിക്കട്ടെ അതായത് നമ്മിൽ ആരും തന്നെ ആ സമയത്ത് ഒരിക്കലും ഇവിടെ ഉണ്ടാകരുത്. എന്തുകൊണ്ടാണെന്നാൽ, "അഴുക്കുള്ളവൻ ഇനിയും അഴുക്കാകട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ; നീതിമാൻ ഇനിയും നീതി ചെയ്യട്ടെ." അവിടെ ഇനിയും... കുഞ്ഞാട് തന്റെ വീണ്ടെടുപ്പിൻ്റെ പുസ്തകവുമായി മുന്നോട്ട് വന്നു കഴിഞ്ഞിരിക്കുന്നു, മണവാട്ടി പുറത്തെടുക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അത് നിരസിച്ചു കളഞ്ഞവരെല്ലാം മഹാകഷ്ടകാലത്ത് കൂടി കടന്നു പോകേണ്ടിയിരിക്കുന്നു, അത് യെഹൂദനും അന്യ ജാതിയും രണ്ടും ആകുന്നു. മഹാ കഷ്ടകാലത്തിൻ്റെ എന്തൊരു സമയം ആയിരിക്കും! ഞാൻ അത് ആഗ്രഹിക്കുന്നില്ല.

48 "കർത്താവേ എന്നെ ഇപ്പോൾതന്നെ വിശുദ്ധീകരിക്കു." അതാണ് നല്ല നസറിൻകാരുടെ ഉപദേശം, അത് ശരിയല്ലേ? അങ്ങനെ അതും, സത്യം ആകുന്നു. അത് സത്യമാകുന്നു. അത് ശരിയാണ്. "കർത്താവേ, ഇപ്പോൾ തന്നെ നിൻറെ പരിശുദ്ധാത്മാവിനാൽ എന്നെ നിറയ്ക്കേണമേ. കർത്താവേ, സകല ലൗകീകതയെയും എൻ്റെ ജീവിതത്തിൽനിന്നും ഇപ്പോൾ തന്നെ എടുത്തുകളയേണമേ. അതിന്— അതിന് ഞങ്ങളെ അനുവദിക്കരുതേ..."

49 അത് ആ പഴയ നിറക്കാരനായ സഹോദരൻ പറഞ്ഞതു പോലെയാകുന്നു, "ശ്രീമാൻ, എൻ്റെ ടിക്കറ്റ് എൻ്റെ കൈയിൽ എനിക്ക് കിട്ടിയിരിക്കുന്നു. അത് ഇതിനകം പഞ്ച് ചെയ്തു കഴിഞ്ഞിരിക്കുന്നു. അന്ന് രാവിലെ സമയം, ഞാൻ ആ നദിക്കരയിൽ എത്തുമ്പോൾ, എനിക്ക് യാതൊരു കുഴപ്പവും അവിടെ ആവശ്യമില്ല."

50 അതുകൊണ്ട്, അത് ഏകദേശം ശരിയായ കാര്യമാകുന്നു, ഞാൻ—ഞാൻ ഒരു കുഴപ്പവും അവിടെ ആഗ്രഹിക്കുന്നില്ല. നിങ്ങളുടെ ടിക്കറ്റ് നിങ്ങളുടെ കൈവശം വച്ചു കൊള്ളുക, 'കാരണം നാം മറികടക്കാൻ പോവുകയാണ്. അതിനെക്കുറിച്ച് ചിന്തിച്ചു നോക്കുക, വീണ്ടെടുപ്പിൻറെ ആ മഹത്തായ സമയം അടുത്തിരിക്കുന്നു.

51 കൂടാതെ ഇപ്പോൾ മറ്റൊരു കാര്യം കൂടിയുണ്ട്. സഹോദരാ, ഇവിടെ യൂട്ടിക്കയിൽ നിന്നുമുള്ള, അദ്ദേഹത്തിൻ്റെ പേര് എന്താകുന്നു? അത് സഹോദരൻ ഗ്രഹാം ആകുന്നു എന്നു ഞാൻ വിചാരിക്കുന്നു, അവിടെ പാസ്റ്റർ ആയിട്ട് ശുശ്രൂഷ ചെയ്യുന്നത് മറ്റൊരു സഹോദരൻ അവിടെ ഉണ്ടല്ലോ. ഒരു സഹോദരൻ ഷാങ്ക്സ് അല്ലെങ്കിൽ അതുപോലെയുള്ള ആരോ ആകുന്നു അല്ലെങ്കിൽ സിങ്ക് എന്നാണോ? [സഹോദരൻ നെവിൽപറയുന്നു, "സഹോദരൻ സ്നെല്ലിംഗ്."—Ed.] (സഹോദരൻ സ്നെല്ലിംഗ് മൊത്തത്തിൽ അവിടുത്തെ പാസ്റ്ററാണോ?) ഇപ്പോൾ സഹോദരൻ സ്നെല്ലിംഗ് യൂട്ടിക്കയിൽ അവിടുത്തെ പാസ്റ്റർ ആകുന്നു. അവരുടെ പ്രാർത്ഥന യോഗം...["വ്യാഴാഴ്ച രാത്രി"] വ്യാഴാഴ്ച രാത്രി ആകുന്നു എന്ന് ഞാൻ വിചാരിക്കുന്നു. ഇപ്പോൾ, നിങ്ങൾക്കറിയാമോ, വ്യാഴാഴ്ച രാത്രിയിൽ നാം അവിടേക്ക് കടന്നു ചെന്ന് അവിടെയുള്ള കൂട്ടർക്ക് ചെറിയൊരു കൂട്ടായ്മ കാണിച്ചുകൊടുക്കുകയാണെങ്കിൽ അത് വളരെ നന്നായ ഒരു കാര്യമായിരിക്കും. നോക്കൂ? അതിനുശേഷം സഹോദരൻ ജാക്സൺ, അദ്ദേഹത്തിൻറെയും യോഗങ്ങളുടെ സമയത്ത്, നമുക്ക് നമ്മുടെ ഒരു ചെറിയ കൂട്ടവുമായി ഒരുമിച്ചു അവിടേക്ക് പോകാൻ കഴിഞ്ഞാൽ നന്നായിരിക്കും.

52 അതുകൊണ്ട് പ്രാർത്ഥന തുടരുകയും, ആഴത്തിൽ കുഴിച്ചുകൊണ്ടിരിക്കുകയും ചെയ്യുക! അതേ, നിർത്തി കളയരുത്. അത് ഏലിയാവ് അവരോട് ഇപ്രകാരം പറഞ്ഞത് പോലെയാണ്, "ഈ താഴ്‌വരയിൽ അനേകം കുഴികൾ വെട്ടുവിൻ!"

നിങ്ങൾ കുഴികൾ വെട്ടിക്കൊണ്ടിരിക്കുമ്പോൾ, ഒരു പഴയ പാട്ട കഷണത്തിൽ എവിടെയെങ്കിലും തട്ടിയിട്ട്, "ഞാൻ വല്ലാതെ ക്ഷീണിതനായിരിക്കുന്നു" എന്ന് പറയുമോ? അത് വഴിയിൽ നിന്നും വലിച്ചെടുത്ത് പുറത്തു കളഞ്ഞിട്ടു കുഴികൾ വെട്ടിക്കൊണ്ട് തുടരുക. നോക്കൂ? കുഴികൾ വെട്ടിക്കൊണ്ട് തുടരുക, 'കാരണം നമുക്ക്' കുഴിക്കേണ്ടത് ആവശ്യമാകുന്നു. നമുക്ക് കുഴിക്കേണ്ടതായിട്ട് മാത്രമേയുള്ളൂ, അത്രമാത്രം. കാരണം, നിങ്ങൾ—നിങ്ങൾ മഹാ കഷ്ടതയുടെ കാലം വിട്ടുകളയാൻ പ്രതീക്ഷിക്കുന്നുവെങ്കിൽ, പിന്നെ നിങ്ങൾ കുഴികൾ വെട്ടാൻ തുടങ്ങുന്നതാണ് നല്ലത്.

53 അങ്ങനെ ഇപ്പോൾ, എന്നെ സംബന്ധിച്ചിടത്തോളം, ഞാൻ എന്നോട് സ്വയം അത് പ്രസംഗിക്കുന്നു. ഞാൻ ഇതുവരെ കുഴിച്ചതിനെക്കാളും കൂടുതൽ ആഴത്തിൽ ഞാൻ തുടങ്ങാൻ പോവുകയാണ്. കാരണം, എനിക്ക് അങ്ങനെ അത് അനുഭവപ്പെടുന്നു, ഈ രാജ്യത്തും, ലോകത്തെല്ലായിടത്തും ഈ ശുശ്രൂഷ വീണ്ടും ചെയ്യപ്പെടും, അതിപ്പോൾ അറിയപ്പെട്ടിരിക്കുന്നത് പോലെ അതിനെക്കുറിച്ചു ലോകത്തെല്ലായിടത്തും അറിയപ്പെട്ടിരിക്കുന്നു. ഞാൻ—ഞാൻ വീണ്ടും പോകണം.

54 കഴിഞ്ഞദിവസം രാവിലെ...എന്റെ ഭാര്യ എന്നോട് പറഞ്ഞു, ഞാൻ പറഞ്ഞു, "ഞാൻ പോകുമ്പോൾ നീയും എന്നോടൊപ്പം വരാൻ ഞാൻ ആഗ്രഹിക്കുന്നു. കർത്താവ് അനുവദിക്കുന്ന പക്ഷം, ഞാൻ ജനുവരിയിലേക്ക് പോകാൻ പോകുകയാണ്. ഒരു സമ്പൂർണ്ണ ലോകപര്യടനം, എല്ലായിടത്തുമായി നടത്താൻ ഞാൻ ആഗ്രഹിക്കുന്നു; തിരികെ വന്നിട്ട് അമേരിക്കയിൽ അടുത്ത വേനൽക്കാലത്ത് ഒരു പക്ഷെ യോഗങ്ങൾ ആരംഭിക്കാൻ കഴിയും."

അവൾ പറഞ്ഞു, "എനിക്ക് പോകാൻ പ്രായം വളരെ കൂടുതലായിരിക്കുന്നു."

55 "ശരി," ഞാൻ പറഞ്ഞു, "ഞാൻ...കഴിഞ്ഞവട്ടം പോയപ്പോൾ, എന്റെ കഴിഞ്ഞ വിദേശയാത്ര ഏകദേശം എട്ട് വർഷങ്ങൾക്ക് മുമ്പായിരുന്നു, എന്നാൽ എട്ട് വർഷം മുമ്പുള്ളതിനേക്കാളും ഇപ്പോൾ ഞാൻ മികച്ച നിലയിലാണെന്നു എനിക്ക് അനുഭവപ്പെടുന്നു, നിങ്ങൾക്കറിയാം. നോക്കൂ? എനിക്ക് അതിനെക്കുറിച്ച് കൂടുതൽ നന്നായി ഇപ്പോൾ അറിയാം."

56 അതിനുശേഷം നാം ഈ വിഷയത്തിൽ എത്തി, "അതായത് കർത്താവ് പറയുകയാണെങ്കിൽ, 'ഞാൻ' നിനക്ക് ഇരുപത്തിയഞ്ച്-വര്ഷം കൂടി അനുവദിക്കാൻ പോകുന്നു. നീ ദുർബലനാകാൻ പോകുന്നില്ല. നിനക്ക് പോകാൻ കഴിയും, ഞാൻ നിനക്ക് ഭൂമിയിൽ ഇരുപത്തിയഞ്ച് വർഷം കൂടി അനുവദിക്കാൻ പോകുന്നു,' നിങ്ങൾ ജനനം മുതൽ—നിങ്ങൾ ജനനം മുതൽ ഇരുപത്തിയഞ്ച്, അല്ലെങ്കിൽ ഇരുപത്തിയഞ്ച് മുതൽ അമ്പത് വരെ, അതോ അമ്പത് മുതൽ എഴുപത്തിയഞ്ച്, അല്ലെങ്കിൽ എഴുപത്തിയഞ്ച് മുതൽ നൂറ് വരെ എടുക്കുമോ?"

57 ഇപ്പോൾ, ഭൂമിയിൽ ഏത് സമയത്തും അനുവദിച്ചിരിക്കുന്ന ഏതൊരു മനുഷ്യനും, അവൻ ദൈവസേവനത്തിനായി ആ സമയം ചെലവഴിച്ചില്ലെങ്കിൽ തീർച്ചയായും അത് ഏറ്റവും മോശമായ ഒരു കാര്യമായിരിക്കും ചെയ്യുന്നത്. അവൻ ചെയ്യുന്നത് എന്താണെന്ന് എനിക്ക് പ്രശ്നമല്ല.

58 ഇപ്പോൾ, നിങ്ങൾ സ്ത്രീകൾക്ക് ഒരു ഹൃദയമിടിപ്പ് ഉണ്ടാക്കാൻ പോകുകയാണെങ്കിൽ, അല്ലെങ്കിൽ അതുപോലെ എന്തെങ്കിലും ആണെങ്കിൽ, നിങ്ങൾ ആ ചെറുപ്പകാലം എടുക്കുന്നതാണ് നല്ലത്, ആദ്യത്തെ ഇരുപത്തിയഞ്ച് ആകുന്നു. കണ്ടോ?

59 നിങ്ങൾ ഒരു മരപ്പണിക്കാരനോ, ഒരു വാഹന പണിക്കാരനോ, അല്ലെങ്കിൽ മറ്റെന്തെങ്കിലുമോ മറ്റോ ആകാൻ പോകുകയാണെങ്കിൽ, നിങ്ങൾ രണ്ടാമത്തെ ഇരുപത്തി-യഞ്ച് എടുക്കുന്നതാണ് നല്ലത്. കണ്ടോ?

60 അപ്പോൾ ഞാൻ ചിന്തിക്കുകയായിരുന്നു, "എന്നെക്കുറിച്ച് എന്താകുന്നു? ഞാൻ ഏത് എടുക്കും?" ഞാൻ എഴുപത്തി-യഞ്ച് മുതൽ നൂറ് വരെ എടുക്കും. ഞാൻ മിടുക്കനും, ബുദ്ധിമാനും ആയിരിക്കും. ഞാൻ കൂടുതൽ സ്ഥിരപ്പെട്ടവൻ ആയിരിക്കും. ഞാൻ എന്താണ് ചെയ്യുന്നതെന്ന് എനിക്ക് കൂടുതൽ അറിയാൻ കഴിയും. ഞാൻ വിദേശത്തായിരുന്ന അവസാനത്തെ സമയത്തേക്കാൾ പത്തോ, എട്ടോ അല്ലെങ്കിൽ പത്ത് വർഷങ്ങൾ വയസ്സ് കൂടുതലായിരിക്കും. ഞാൻ പാമ്പുകളെ കൊല്ലുന്നത് പോലെ എടുത്തു ചാടുകയില്ല. ഞാൻ ഇതിനെക്കുറിച്ച് കൂടുതൽ അറിയും, നോക്കൂ. അത് എങ്ങനെയാണെന്ന് എനിക്കറിയാം.

61 ഇത് ഒരു കുൺ നായ ഒരു കൂണിനോട് യുദ്ധം ചെയ്യുന്നത് പോലെയാണ്, നോക്കൂ. അവനെ എങ്ങനെ പിടിക്കാം എന്നതിനെക്കുറിച്ച് നിങ്ങൾക്ക് കൂടുതൽ അറിയാം. നിങ്ങൾ അവിടേക്ക് ചാടരുത്; അത് നിങ്ങളെ മാന്തിക്കളയും. നോക്കൂ, അവന്റെ

തന്ത്രങ്ങളെ അറിയുക, എന്നിട്ട് അവൻ ചെയ്യുന്നതെന്താണെന്ന് ശ്രദ്ധിക്കുക. അങ്ങനെ ശത്രുവിനെക്കുറിച്ച് നാം കൂടുതലായി അറിയുന്നു. അതുകൊണ്ടു നമുക്ക് അവൻ്റെ സകല സാങ്കേതികതകളും, അവൻ എങ്ങനെ സമീപിക്കുന്നുവെന്നും, അവൻ എന്തു ചെയ്യുന്നുവെന്നും കൂടാതെ അവന്റെ പ്രഹരങ്ങളെ പഠിക്കാനും അതുപോലെയുള്ള മറ്റ് കാര്യങ്ങളെ കണ്ടുപിടിക്കേണ്ടത് ആവശ്യമാകുന്നു, അതിനുശേഷം നിങ്ങൾ പരിശീലിക്കപ്പെട്ട് അവനെ എതിരിടാൻ പോകുന്നു, നോക്കൂ.

62 "അതിനാൽ ഞാൻ ഇപ്പോൾ വിശ്വസിക്കുന്നു," ഞാൻ ഭാര്യയോട് പറഞ്ഞു, "എനിക്ക് നാൽപത് വയസ്സുള്ളപ്പോൾ ഉണ്ടായിരുന്നതിനേക്കാൾ മികച്ച രൂപത്തിൽ ഞാൻ ഇപ്പോൾ ആയിരിക്കുന്നു, അങ്ങനെ കടന്നുപോയികഴിഞ്ഞിരിക്കുന്നു." നോക്കൂ, എനിക്ക് അമ്പത്തിനാല് ആയിരിക്കുന്നു. കൂടാതെ ഞാൻ വിശ്വസിക്കുന്നു, ഞാൻ ജീവിക്കുന്നുണ്ടെങ്കിൽ, എനിക്ക് ഇപ്പോഴും അതിനെ കഴിയുന്നത്രയും മികച്ചതാക്കാൻ കഴിയുമെങ്കിൽ, എനിക്ക് നൂറുവയസ്സാകുമ്പോൾ, ഞാനാണെങ്കിൽ...യേശു തൻ്റെ വരവ് ഇത്രയും കാലം താമസിപ്പിച്ചാൽ, ഞാൻ ഇപ്പോഴുള്ളതിനേക്കാൾ മികച്ച അവസ്ഥയിലായിരിക്കും. നോക്കൂ? കാരണം, നിങ്ങൾക്ക് ഇതിനെക്കുറിച്ച് കൂടുതൽ അറിയാം, എന്തുചെയ്യണം, എങ്ങനെ ഇത് കൈകാര്യം ചെയ്യണം, എങ്ങനെ ആ സാഹചര്യത്തെ കൈകാര്യം ചെയ്യണം എന്നതിനെക്കുറിച്ച് നിങ്ങൾക്ക് കൂടുതൽ അറിയാം.

63 ഇപ്പോൾ വളരെയധികം ആളുകളെ എടുക്കുക, അവർ ശസ്ത്രക്രിയക്ക് പോകുകയാണെങ്കിൽ. "അവർ പറയുകയാണ് അതൊരു പുതിയ ഡോക്ടർ കഴിഞ്ഞ ദിവസം ബിരുദം നേടി, മെഡിക്കൽ സ്കൂളിൽ നിന്നും ഇപ്പോൾ പുറത്തുവന്നിരിക്കുന്നതേയുള്ളൂ. അദ്ദേഹം ഇതുവരെ ഒരു ശസ്ത്രക്രിയയും ചെയ്തിട്ടില്ല. അദ്ദേഹം തന്നെ അത് ചെയ്യട്ടെ."

64 "ഓ, ഇല്ല," നിങ്ങൾ പറയും, "അത് ഒട്ടും പറ്റുകയില്ല. അത് ആ മനുഷ്യനാകരുത്. ഇല്ല ശ്രീമാൻ, എന്നിരിക്കിലും, ഇല്ല, വാസ്തവമായും. അവൻ എൻ്റെ മേൽ കത്തി വക്കരുതെന്ന് ഞാൻ ആഗ്രഹിക്കുന്നു. ശരി, ഞാൻ അവിടെ ചെന്നിട്ട് *ഇന്ന- ഇന്ന* ആളെ കൊണ്ടു വരുന്നതാണ് നല്ലത് അദ്ദേഹം വളരെയധികം ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ട്. ഇത് എങ്ങനെ ചെയ്യണമെന്ന് അദ്ദേഹത്തിനറിയാം." അതാകുന്നു ഇത്, നോക്കൂ. അതാകുന്നു ആശയം.

65 നിങ്ങൾ ഇതിനെക്കുറിച്ചു ചിന്തിക്കുക, എന്നാൽ ആ പ്രാണനെക്കുറിച്ചു എന്ത് പറയുന്നു? അവർ എവിടെയാണെന്ന്

അറിയുകയും, ആവഴി അറിയുകയും അതിൽക്കൂടി യാത്ര ചെയ്യുകയും ചെയ്തിട്ടുള്ള ആരെയെങ്കിലും എനിക്ക് ആവശ്യമാകുന്നു. അതെ, തീർച്ചയായും.

66 കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ. ശരി, സഹോദരൻ നെവിൽ, ഇപ്പോൾ ഇവിടേക്ക് എഴുന്നേറ്റ് വരിക. ദൈവം സഹോദരൻ നെവിലിനെ അനുഗ്രഹിക്കട്ടെ. അടുത്ത ഞായറാഴ്ച, ഇപ്പോൾ മറക്കരുത്.

67 [സഹോദരൻ നെവിൽ സഹോദരൻ ബ്രൺഹാമിനെയും സഹോദരൻ വെയ്‌ലിനേയും കുറിച്ച് ഒരു മിനിറ്റ് സംസാരിക്കുന്നു, തുടർന്ന് പറയുന്നു, "ദൈവത്തിന്റെ ശുശ്രൂഷകരെ സ്വാഗതം ചെയ്യുന്നതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു, പ്രത്യേകിച്ചും ഇതുമായി സഹ-കരിക്കുന്നവരെ, അതിൽ ഞങ്ങളോടൊപ്പം അവർ ഒരുമിച്ചാകുന്നു. അവരിൽ നിന്ന് കേൾക്കാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു."—Ed.] ആമേൻ. ["അതിനാൽ ഞാൻ ഡോക്ടർ ലീ വെയ്‌ലിനോട് ചോദിച്ചു, 'ഞാൻ ചോദിച്ചു, സഹോദരൻ ബ്രൺഹാം ഇല്ലെങ്കിൽ നിങ്ങൾ ശുശ്രൂഷ ചെയ്യുമോ?' അങ്ങനെ സഹോദരൻ ബ്രൺഹാം ചെയ്തില്ല. അദ്ദേഹം ഇത് അറിഞ്ഞിരിക്കാനിടയുണ്ട്."]

ഇല്ല, ഞാൻ അറിഞ്ഞിട്ടില്ല. അറിഞ്ഞിരുന്നെങ്കിൽ ഞാൻ അത്രയും ദീർഘനേരം സംസാരിക്കില്ലായിരുന്നു.

68 [സഹോദരൻ നെവിൽ പറയുന്നു, "അതിനാൽ ഞാൻ സഹോദരൻ വെയ്‌ലിനോട് ചോദിച്ചു, ഇന്ന് രാത്രി അദ്ദേഹം ഞങ്ങൾക്ക് വേണ്ടി ശുശ്രൂഷ ചെയ്യുമോ, അഥവാ സഹോദരൻ ബ്രൺഹാം ചെയ്യുന്നില്ലെങ്കിൽ. കാരണം, അദ്ദേഹം യോഗങ്ങളിൽ അവനുമായി സഹകരിച്ചിരുന്നു, അതിനാൽ വഴിയെക്കുറിച്ചു, ഈ വഴിയെക്കുറിച്ച് അദ്ദേഹത്തിനറിയാം. സഹോദരൻ വെയ്‌ൽ നമ്മോടൊപ്പമായിരിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു, അതുപോലെ തന്നെ മറ്റേതൊരു ശുസ്രൂഷകനെയും ഞാൻ ചെയ്യുന്നു, അത് ഞാൻ മറ്റുള്ള എല്ലാവരോടും ചെയ്യുന്നതു പോലെ തന്നെ ആകുന്നു. അതിനാൽ അദ്ദേഹം ഇന്ന് രാത്രി വന്ന് ഞങ്ങൾക്ക് വേണ്ടി സംസാരിക്കുകയാണെങ്കിൽ, അത് ചെയ്യുന്നതിനുവേണ്ടി അദ്ദേഹം നമ്മോടു കൂടെയായിരിക്കുന്നതിൽ ഞാൻ സന്തുഷ്ടനാകുന്നു."—Ed.] ആമേൻ. [ദൈവം അനുഗ്രഹിക്കട്ടെ, നമുക്ക് സഹോദരൻ വെയ്‌ലിനുവേണ്ടി പ്രാർത്ഥിക്കാം. നിങ്ങളിൽ പലരും അദ്ദേഹത്തെ കേട്ടിട്ടുണ്ടായിരിക്കില്ല, നിങ്ങൾ

അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.”] അതേ.

69 ഞാൻ അദ്ദേഹത്തിൻ്റെ മുഴുവൻ സമയവും എടുത്തുകൂടായിരുന്നു. ഞാൻ പ്രേക്ഷകരോട് ക്ഷമ ചോദിക്കുന്നു. എനിക്ക് ഇത് അറിയില്ലായിരുന്നു, ഞാൻ അവിടെ ഇരിപ്പുണ്ടായിരുന്നു... അപ്പോഴായിരുന്നു ഇത് തീർച്ചപ്പെടുത്തിയത്. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരൻ വെയ്ൽ.

70 [സഹോദരൻ ലീ വെയ്ൽ പറയുന്നു, “ഇത് തീർച്ചപ്പെടുത്തിയതല്ലായിരുന്നു. അദ്ദേഹം പറഞ്ഞു, നിങ്ങൾ ‘സംസാരിച്ചില്ലെങ്കിൽ.’ നിങ്ങൾ എത്തുകയും ചെയ്തു.” സഹോദരൻ ബ്രൺഹാമും സഭയും ചിരിക്കുന്നു—Ed.] കൊള്ളാം. അത് നന്നായിരിക്കുന്നു.

71 ഞാൻ അദ്ദേഹത്തെ, സ്വയമായി കേൾക്കുകയാണ്. സഹോദരൻ വെയ്ൽ എന്നെക്കാൾ വളരെ മുമ്പ തന്നെ, യോഗങ്ങളിലും മറ്റും—മറ്റും ഇത്യാദി സംസാരിച്ചിരിക്കുന്നു. അദ്ദേഹം വളരെ നീണ്ട കാലം വരെ യോഗങ്ങൾ കൈകാര്യം ചെയ്തിരിക്കുകയും, അങ്ങനെ ഒരു നല്ല സഹോദരനും ഒരു വലിയ ജോലി ചെയ്യുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് സഹോദരൻ വെയ്ൽ സംസാരിക്കുമ്പോൾ ഈ പ്രേക്ഷകർ എപ്പോഴും അദ്ദേഹത്തെ കേൾക്കുന്നതിൽ സന്തോഷിക്കുന്നുവെന്ന് എനിക്ക് തീർച്ചയാകുന്നു. കർത്താവ് സഹോദരൻ വെയ്ലിനെ അനുഗ്രഹിക്കട്ടെ.

72 [സഹോദരൻ വെയ്ൽ എഴുപത് മിനിറ്റ് നേരം മർക്കോസ് 16: 15-20 ലും മറ്റ് തിരുവെഴുത്തുകളിലും, തലപ്പേരായി; *എന്തുകൊണ്ടാണ് മർക്കോസ് 16 പ്രവർത്തിക്കാത്തത്? തിരുവെഴുത്തനുസരിച്ച്, അത് എങ്ങനെ പ്രാവർത്തികമാക്കാം എന്നപേരിൽ സംസാരിക്കുന്നു*—Ed.]

73 വളരെയധികം കാര്യങ്ങൾ പറഞ്ഞിരിക്കുന്നു, അത്രയുമായിട്ട് എനിക്ക്—എനിക്ക്—എനിക്ക് അതിനെ ഇതിലും മികച്ചതാക്കി പറയാൻ ഒന്നുമില്ല. കർത്താവ് തന്നെയാണ് സഹോദരൻ വെയ്ലിനുവേണ്ടി പ്രവർത്തിച്ചതെന്ന് ഞാൻ വാസ്തവമായും വിശ്വസിക്കുന്നു ഇന്ന് രാവിലെ ഈ സന്ദേശം കൊണ്ടുവരാൻ ആയിരുന്നു. നിങ്ങൾ നോക്കു, അത് ആ രീതിയിൽ പ്രവർത്തിക്കേണ്ടതാകുന്നു. നാം—നാം അതിനെ അത് ദൈവത്തിൽ നിന്ന് സ്വീകരിക്കുന്നു. എന്താകുന്നു, അവൻ പറഞ്ഞു കൊണ്ടിരുന്നതയ ഒരുപാട് കാര്യങ്ങളുണ്ട്; അദ്ദേഹം പറഞ്ഞതിൽ നിന്ന് എനിക്ക്—എനിക്ക്—എനിക്ക് ഇരുപത് പ്രഭാഷണങ്ങൾ ഇവിടെ എഴുതിയിട്ടുണ്ട്.

74 അദ്ദേഹം പറഞ്ഞ കാര്യങ്ങളെ പിൻ താങ്ങുവാൻ ഞാൻ ഇവിടെ ഒരു ചെറിയ ചിത്രീകരണത്തെക്കുറിച്ച് ചിന്തിക്കുകയായിരുന്നു. ഇപ്പോൾ, നാം ഈ വാച്ചിൽ സമയം എന്താണെന്ന് അറിയാൻ നോക്കുന്നു. ആ വാച്ചിലെ എല്ലാ ഉപകരണങ്ങളും ഒന്നിനോടൊന്ന് ഏകോപിപ്പിച്ചിട്ടില്ലെങ്കിൽ, നമുക്ക് ഒരിക്കലും ശരിയായ സമയം അറിയാൻ കഴിയുകയില്ല. അതു ശരിയല്ലേ? നമുക്ക് മൂന്നാമത്തെ വലി കാണണമെങ്കിൽ, വാസ്തവമായും ദൈവത്തിനുവേണ്ടി എന്തെങ്കിലും ചെയ്യുന്നതിന് അത് നമ്മെ എല്ലാവരെയും കൂടി ഒരുമിച്ചെടുക്കുന്നു, ഇത് നമ്മെ തമ്മിൽ ഓരോരുത്തരുമായി ഏകോപിപ്പിച്ചിട്ടു, ദൈവ മുമ്പാകെ നമ്മെത്തന്നെ താഴ്മപ്പെടുത്തുവാനും നമ്മുടെ തെറ്റുകൾ ഏറ്റു പറയാനും, ഈ കാര്യങ്ങൾക്കായി ദൈവത്തോട് പ്രാർത്ഥിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നതിനാകുന്നു.

75 സഹോദരൻ വെയ്ൽ പറഞ്ഞത് വാസ്തവമായും സത്യമാണെന്ന് ഞാൻ വിശ്വസിക്കുന്നു, അതായതു ദൈവം വിശുദ്ധിയില്ലാത്തതും, അനീതിയേറിയതും, അനുസരണക്കേടുള്ളതുമായ ആലയത്തിൽ ഒരിക്കലും തൻ്റെ ആത്മാവിനെ ഇടുകയില്ല. ഇല്ല. എല്ലാ കപടതയിൽ നിന്നും അകൃത്യങ്ങളിൽ നിന്നും നമ്മുടെ ഹൃദയങ്ങൾ ശുദ്ധീകരണത്തിന്റേതായ ആ—ആ വഴിയിൽ വരേണ്ടത് ആവശ്യമാകുന്നു, അതിനാൽ നാം ദൈവ മുമ്പാകെ നിഷ്കളങ്കരായിട്ട്, ഈ കാര്യങ്ങളെ നടപ്പിലാക്കാൻ അവൻ്റെ നിഷ്കളങ്കവും, പരിശുദ്ധവുമായ ആത്മാവ് നമ്മിൽക്കൂടെ പ്രവർത്തിക്കുന്നതിന് ഇടയാകും. ഞാൻ—ഞാൻ വിചാരിക്കുന്നു അതായത്, ഇന്ന് രാത്രി നിങ്ങൾ വീട്ടിലേക്ക് പോകുമ്പോൾ, നിങ്ങൾ ആ ചെറിയ യൂദായുടെ പുസ്തകം വായിച്ചാൽ, സഹോദരൻ വെയ്ൽ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് നിങ്ങൾ ധാരാളം കാര്യങ്ങൾ മനസ്സിലാക്കുന്നതിനിടയാകും. അദ്ദേഹം പറഞ്ഞു, "വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനായി ഞാൻ ആത്മാർത്ഥമായി പോരാടുന്നു." അവർ അതിൽ നിന്നും അകന്നു പോയിരിക്കുന്നു. അവരിൽ എത്രയോ പേർ ദുഷിച്ച മനസ്സുള്ള മനുഷ്യരും മറ്റുമായി തീർന്നിരിക്കുകയും, എപ്രകാരം, ദൈവത്തിന്റെ യഥാർത്ഥ കാര്യങ്ങളിൽ നിന്ന്—അവരെത്തന്നെ വഞ്ചിക്കപ്പെട്ട് അകന്നുപോയിരിക്കുന്നു.

76 ദൈവത്തെ പ്രവർത്തിപ്പിക്കാൻ നാം അനുവദിക്കുന്നതുപോലെ മാത്രമേ അവന് പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. അങ്ങനെ അതിശയകരമായ നിരവധി കാര്യങ്ങൾ ഉണ്ടായിട്ട്, അതായതു ഞാൻ പറയുന്നു...

77 നിങ്ങൾക്കറിയാമോ, ജനങ്ങൾക്ക് അധികാരം ആവശ്യമാണ്, എന്നാൽ ശരിക്കും എന്താണ് അധികാരം എന്ന് അവർക്കറിയില്ല. നോക്കൂ, അവർക്ക്—അവർക്ക് എന്താണ്—എന്താണ്—എന്താണ് ശരിക്കും അതോടൊപ്പം പോകുന്നതെന്ന് അവർക്കറിയില്ല. ആ—ആ മുകളിലേക്കുള്ള വഴി എല്ലായ്പ്പോഴും താഴേക്കാകുന്നു. നിങ്ങൾക്ക് അധികാരം വേണമെങ്കിൽ, നിങ്ങൾക്ക് എത്ര വിനീതനാകാൻ കഴിയുമെന്ന് നോക്കുക. നിങ്ങളുടെ സകല ലൗകീക ചിന്തകളിൽ നിന്ന് ഒഴിഞ്ഞുമാറുക മാത്രം ചെയ്തിട്ട്, ദൈവ മുമ്പാകെ തന്നെത്താൻ താഴ്ത്തുക, അപ്പോൾ നിങ്ങൾക്ക് ഈ കെട്ടിടത്തിലുടനീളം ഓടുകയും വലിയ ശബ്ദമുണ്ടാക്കുകയും ചെയ്യുന്ന മനുഷ്യനേക്കാൾ കൂടുതൽ ശക്തി ലഭിക്കും; നോക്കൂ, കാരണം നിങ്ങൾക്ക് നിങ്ങളെത്തന്നെ സ്വയം കീഴടക്കാൻ കഴിഞ്ഞിട്ട്, നിങ്ങളെത്തന്നെ സ്വയം ക്രിസ്തുവിന് സമർപ്പിക്കുവാൻ കഴിഞ്ഞിരിക്കുന്നു, നിങ്ങൾ കാണുന്നുണ്ടോ, നിങ്ങളെത്തന്നെ അവന്റെ മുമ്പാകെ താഴ്മപ്പെടുത്തുവാൻ കഴിഞ്ഞിരിക്കുന്നു. അതാണ് ശരിക്കും വാസ്തവമായുള്ള ശക്തി.

78 നിങ്ങൾ എനിക്ക് താഴ്മയുള്ള, യഥാർത്ഥമായും എളിമയേറിയ ഒരു സഭയെ കാണിച്ചു തരുക, ഒരു—ഒരു അഹങ്കാരമേറിയ സഭ ആകരുത്; ഒരു സഭ, ഒരു മാധുര്യവും, വിനീതവുമായ ഒരു സഭ, അതിൽ ദൈവത്തിന്റെ പ്രീതിയും ശക്തിയും ഉള്ളത് ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം. അത് ശരിയാണ്. അതാണ് ഇതിന് വേണ്ടി എടുക്കുന്നത്, വിനയം, ദൈവ മുമ്പാകെ നമ്മെത്തന്നെ താഴ്ത്തുക, ദൈവത്തെ നമ്മിലൂടെ പ്രവർത്തിക്കാൻ അനുവദിക്കുക മാത്രം ചെയ്യുക. നിങ്ങൾക്ക് വളരെയധികം ശബ്ദമുണ്ടാക്കേണ്ടതിന്റെ ആവശ്യമില്ല.

79 പലപ്പോഴും, ആ കൃഷിക്കാരൻ പറഞ്ഞിട്ടുള്ളത് പോലെയാണ്, അദ്ദേഹം തൻ്റെ വണ്ടിയുമായി വയലിലേക്ക് പോകുമ്പോൾ, ഓരോ തവണയും വണ്ടി, ഒരു കയറ്റത്തിൽ ഇടിച്ചു കയറുമ്പോൾ, വലിയ കിരുകിരാ എന്ന ശബ്ദമുണ്ടാക്കിക്കൊണ്ട് മുമ്പോട്ട് പോയിരുന്നു. എന്നാൽ അദ്ദേഹം തിരികെ വരുമ്പോൾ, അതേ കയറ്റത്തിൽ ഇടിച്ചു കയറുമ്പോൾ ഒട്ടും ശബ്ദമുണ്ടാക്കാതിരിക്കുകയും ചെയ്തിരുന്നു, കാരണം അത് നല്ല പോലെ സാധനങ്ങളാൽ ഭാരം കയറ്റി വന്നിരുന്നു.

80 അതുകൊണ്ട് ഇതിനെക്കുറിച്ചു, ഏകദേശം അത് ശരിയാണെന്ന് ഞാൻ കരുതുന്നു, നോക്കൂ, അതായത് നാം ദൈവത്തിന്റെ നല്ല കാര്യങ്ങളാൽ നിറക്കപ്പെട്ടിട്ട്, ആത്മാവിന്റെ ഫലങ്ങൾ നമ്മിൽക്കൂടി അറിയപ്പെടുന്നതിന് സംഗതി വരുന്നു. ഒന്ന് കൊരിന്ത്യർ 13-ൽ അദ്ദേഹം വളരെയധികം അതിനെക്കുറിച്ചു പരാമർശിച്ചിരിക്കുന്നു, അത് എപ്രകാരം, അതായതു, "ഞാൻ എൻ്റെ ശരീരം ചുടുവാൻ

ഏൽപിച്ചാലും, എനിക്ക് ഈ കാര്യങ്ങളെല്ലാം ഉണ്ടായിരുന്നാലും, സ്നേഹം ഇല്ല എങ്കിൽ; ഞാൻ ഏതുമില്ല, എനിക്ക് ഒരു പ്രയോജനവും ഇല്ല." നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ? നാം അത് ചെയ്യാൻ ആഗ്രഹിക്കുന്നു.

81 എല്ലാറ്റിനുമുപരിയായി, ദൈവമുമ്പാകെ നാം ഉത്തരവാദികൾ ആയിരിക്കുന്നത് നമ്മുടെ വ്യക്തിപരമായ ആത്മാക്കൾക്ക് വേണ്ടിയാണ്. നോക്കൂ, ഇത്—ഇത് *നിങ്ങളാണ്* സ്വർഗ്ഗത്തിലേക്ക് പോകുന്നത്. ഇത് *ഞാൻ* പോകുന്നതാണോ, അതോ *അവൻ* പോകുന്നുണ്ടോ എന്നുള്ളതല്ല. ഇത് *നിങ്ങൾ* പോകുന്നതാണ്, നോക്കൂ, നിങ്ങൾ ആദ്യം പോകുന്നതാണ്. അതുകൊണ്ട് നിങ്ങൾ തന്നെ ഇത് നോക്കിക്കൊണ്ട് കർത്താവിന്റെ മുമ്പാകെ മാധുര്യമായി വരേണ്ടത് ആവശ്യമാകുന്നു.

82 കൂടാതെ ഞാൻ എല്ലായ്പ്പോഴും കണ്ടു പിടിച്ചിട്ടുള്ളത്, അതായത് തന്നെത്താൻ താഴ്ത്തുന്ന മനുഷ്യനെയാണ് ദൈവം എല്ലായ്പ്പോഴും ഉയർത്തുന്നത്. എനിക്ക് എല്ലാം അറിയാമെന്നു നെഞ്ചുവിരിച്ചു കാണിച്ചുകൊണ്ട് നടക്കുന്ന ഒരു വ്യക്തിയോട്, നിങ്ങൾക്ക് അവനോട് ഒന്നും പറയാനാവില്ല, അവൻ അഹങ്കാരിയാണ്, ഒപ്പം—ഒപ്പം, ശരി, അതായത്—അതായത് അതുപോലെയുള്ള വ്യക്തിയാണ് ഒരിക്കലും എവിടെയും എത്തിച്ചേരാത്തത്. എന്നാൽ സ്വയം താഴ്ത്തി മാധുര്യതയോട് നടക്കുന്ന ആ വ്യക്തിയെ നിങ്ങൾ എടുക്കുന്നു.

83 കഴിഞ്ഞ ദിവസം ഒരു വ്യക്തിയുമായി ഞാൻ സംസാരിക്കുകയായിരുന്നു, അത് വെറുതെ അവിടെ ഒരു പള്ളി സംഘടിപ്പിക്കുന്ന കാര്യത്തിലായിരുന്നു...അത് അവർ നേരത്തേ ഉണ്ടായിരുന്ന ഒരു സംഘടനയിൽ നിന്ന് പിന്മാറിയിട്ട്...ശരി, ഇത് സഹോദരൻ ബോസ്സേ ആയിരുന്നു, അവർക്കുണ്ടായിരുന്ന സഭ, ഇത്രയും കാലം അവർക്ക് അവിടെ ആ വലിയ പള്ളി ഉണ്ടായിരുന്നു, അതോടൊപ്പം കർത്താവ് അവരെ അനുഗ്രഹിച്ചിരിക്കുന്നു. അപ്പോൾ അവിടെയുള്ള ജനങ്ങൾക്ക് ബാക്കിയുള്ളവരെപ്പോലെ അതൊന്ന് മിനുസപ്പെടുത്താൻ ആഗ്രഹിക്കുന്ന ഒരു സ്ഥാനത്ത് എത്തുകയും, അതിനെ ഒരു സഭാ സംഘടനയായി മാറ്റി തീർക്കാൻ ആഗ്രഹിച്ചു. അങ്ങനെ അവർ ചെയ്തപ്പോൾ, അത് വെറുതെ...അവിടത്തെ എളിയ ക്രിസ്ത്യാനികൾക്ക് അത് വേണ്ടായിരുന്നു. അവരുടെ ജീവിതകാലം മുഴുവൻ, അവർ അതിനെതിരെ പഠിപ്പിക്കപ്പെട്ടിരിക്കുകയും, അതിനാൽ അവർ അതിൽ നിന്ന് മാറി പോകുകയും ചെയ്തു. ഇപ്പോൾ അവർക്ക് അവിടെ ഒരു കൂട്ടമുണ്ട്, അവർ കടന്നു വരുന്നതുവരെ കർത്താവ് അവരെ അനുഗ്രഹിച്ചിരിക്കുന്നു, അങ്ങനെ ഇപ്പോൾ വീണ്ടും ഒരു

വലിയ സ്ഥലത്തേക്ക് വന്നു കൊണ്ടിരിക്കുന്നു, അതിപ്പോൾ നാലോ അല്ലെങ്കിൽ അയ്യായിരമോ ആളുകളെ ഉൾക്കൊള്ളുന്ന ഒരു സഭയായിട്ടു, അവർ ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു.

84 അവർ എന്റെ അടുക്കൽ വന്നിട്ട്, പറഞ്ഞു, "സഹോദരൻ ബ്രൺഹാം," അത് കഴിഞ്ഞ ദിവസമായിരുന്നു കാര്യാലയത്തിൽ വച്ച്, പള്ളിയിലെ കാര്യാലയത്തിൽ ഇരിക്കുമ്പോൾ അവിടെ വച്ച് ആയിരുന്നു. അദ്ദേഹം പറഞ്ഞു, അവരുടെ നേതാക്കളിൽ ഒരാളായിരുന്ന, സഹോദരൻ കാൾസനും മറ്റുള്ളവരും, ചോദിച്ചു, "ഞങ്ങൾ എന്തു ചെയ്യണം?"

85 ഞാൻ പറഞ്ഞു, "എല്ലാ വിധ സഭാവിഭാഗങ്ങളിലും പ്രശസ്തിയില്ലാത്ത ഒരാളെ ഇടയനായി കണ്ടെത്തുക, അത് വാസ്തവമായും നല്ലതും, യഥാർത്ഥമായതും, മാധുര്യമുള്ളതും, ഒരു ജീവിതം നയിക്കുന്ന ഒരു എളിയ സഹോദരൻ ആയിരിക്കണം. ബാക്കിയുള്ള കാര്യം ദൈവം സംരക്ഷിച്ചു കൊള്ളും, നോക്കു." ഞാൻ പറഞ്ഞു, "ഒരു നല്ല ഇടയൻ ആടുകളെ മേയിക്കുകയും എളിമയുള്ളവനായിരിക്കുകയും അതു പോലെയുള്ള കാര്യങ്ങൾ ചെയ്യും, ബാക്കിയുള്ള കാര്യങ്ങൾ ദൈവം ചെയ്യും. നിങ്ങളാണെങ്കിൽ...എനിക്ക് എല്ലാം അറിയാവുന്ന ഏതെങ്കിലും വലിയ ഒരാളല്ല, *ഇത്* ക്രമീകരിക്കാൻ പോകുന്നത്, ഇത് *ഈ* രീതിയിൽ ഇങ്ങനെയായിരിക്കണം, അതിനോടൊപ്പം കാര്യങ്ങൾ കൊണ്ടുപോയിരിക്കണം." ഞാൻ പറഞ്ഞു, "ഇത് ഒരിക്കലും പ്രവർത്തിക്കില്ല. നിങ്ങൾ തന്നെ അതിലൂടെ കടന്നുപോയിരിക്കുന്നു."

86 അതാകുന്നു ഇത്, സഭയിലെ എല്ലാ ഭാഗങ്ങളും ഒരുമിച്ച് പ്രവർത്തിച്ചിരിക്കണം, മാത്രമല്ല നിങ്ങളുടെ ഭാഗം നിലനിർത്തുകയും ചെയ്തിരിക്കണം, അതുകൊണ്ട് നാം ഏത് സമയത്താണ് ജീവിക്കുന്നതെന്ന് നാം കാണുന്നു. നമ്മൾ വിചാരിക്കുന്നതിലും കൂടുതൽ നാം അടുത്തായിക്കഴിഞ്ഞിരിക്കുന്നു.

87 ഇപ്പോൾ, സഹോദരൻ വെയ്‌ലിനെ നാം അഭിനന്ദിക്കുന്നു. നാം അത് ചെയ്യുന്നില്ലേ? സഹോദരൻ വെയ്‌ൽ, കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ. നിങ്ങൾക്ക് നന്ദി പറയുന്നു. ഈ മഹത്തായ സന്ദേശം ഇന്ന് രാത്രി നമുക്ക് വേണ്ടി എത്തിച്ചതിന് നാം കർത്താവിന് നന്ദി പറയുന്നു.

88 കുറച്ച് നിമിഷങ്ങൾക്ക് മുമ്പ്, എനിക്ക് ഒരു കുറിപ്പ് ലഭിച്ചിരുന്നു. സഹോദരിമാരിൽ ഒരാൾക്ക് എന്തോ അവൾ പറയാൻ ആഗ്രഹിക്കുന്ന ചില കാര്യങ്ങൾ, അതൊരു സ്വപ്നത്തിൽ കൂടിയാകുന്നു. സഹോദരി, നിങ്ങൾ അത് എനിക്ക് എഴുതി

തരുകയാണെങ്കിൽ, ഞാൻ—ഞാൻ...ദൈവം അവൾക്ക് ചില സ്വപ്നങ്ങൾ നൽകിയിട്ടുണ്ട്, അത് തികച്ചും സത്യമാണ്. നാം എല്ലാ സ്വപ്നങ്ങളും സ്വീകരിക്കുന്നില്ല. ഇല്ല, ഇല്ല. എന്നാൽ അതെല്ലാം ദൈവത്തിൽ നിന്നുമുള്ളതായിരിക്കുമ്പോൾ, അത് ദൈവം നമ്മോട് സംസാരിക്കുന്നുവെന്ന് അറിയാൻ നാം ആഗ്രഹിക്കുന്നു.

89 അതിപ്രകാരം അന്യഭാഷകളിൽ സംസാരിക്കുന്നതായ എല്ലാ കാര്യങ്ങളും, അതുപോലെ നാം വിശ്വസിക്കുന്നില്ല; എന്നാൽ ഒരു വ്യാഖ്യാനം അതിനോടൊപ്പം വരുമ്പോൾ അത് സംഭവിക്കാൻ പോകുന്ന എന്തെങ്കിലും കാര്യങ്ങളെ കുറിച്ച് അത് നമ്മോട് പറയുകയും, അത് സംഭവിക്കുന്നത് നാം കാണുകയും, അതിനുശേഷം നാം അതിനുവേണ്ടി കർത്താവിന് നന്ദി പറയുന്നു. നോക്കൂ?

90 ഇത് സുഗമമായും, മധുരമായും, കർത്താവിന്റെ ക്രമത്തിലും പ്രവർത്തിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അതിനാൽ ഓർക്കുക, നിങ്ങളുടെ ഭാഗം ചിലപ്പോൾ മുഖ്യമായസ്പ്രിംഗ് ആയിരിക്കാം, അല്ലെങ്കിൽ അത് ഒരുപക്ഷെ എന്തെങ്കിലും ചെറിയ കാര്യമായിട്ട്, അത് ചെറിയ കൈയായിരിക്കാം, അല്ലെങ്കിൽ ഏതെങ്കിലും ഒരു ചെറിയ ഭാഗമായിരിക്കാം, അതുമല്ലെങ്കിൽ അതിനെ കറക്കി കറക്കി മുറുക്കാനുള്ള തണ്ടായിരിക്കാം, അങ്ങനെ അത് എന്ത് തന്നെ ആയാലും അല്ലെങ്കിൽ അത് ഒരുപക്ഷേ ക്ലോക്കിന്റെ മുഖത്തെ കൈകളായിരിക്കാം, അത് സമയത്തെ നമ്മോടു പറയുന്നു. എന്നാൽ അത് എന്തു തന്നെയായാലും, ഇത് നടപ്പിലാക്കുന്നതിന് വേണ്ടി അത് നമ്മെ എല്ലാവരെയും യേശുക്രിസ്തുവിന്റെ സുവിശേഷവുമായി, ഒരേ ഐക്യത്തിൽ പൊരുത്തപ്പെട്ടു തമ്മിൽ പ്രവർത്തിക്കാനിടയാക്കുന്നു.

91 ഒന്നു ചിന്തിച്ചു നോക്കൂ! കൃപാവരങ്ങൾ അത്രയും മഹത്തായതാണെങ്കിൽ, പിന്നെ ശക്തിയെക്കുറിച്ചു നാം എന്ത് പറയും; പൗലൊസ് പറയുന്നു, "എനിക്ക് മലകളെ നീക്കുവാൻ തക്ക വിശ്വാസം ഉണ്ടായാലും, സ്നേഹമില്ല എങ്കിൽ, ഞാൻ ഏതുമില്ല." അതിനെക്കുറിച്ച് ചിന്തിക്കുക.

92 ഞാൻ മനസ്സിലാക്കുന്നുണ്ട് എന്ന് നിങ്ങൾ പറഞ്ഞാലും, "ശരി, ഞാൻ—ഞാൻ വേദപുസ്തകം അറിഞ്ഞിരിക്കണമെന്ന്...ഞാൻ ആഗ്രഹിച്ചു പോകുന്നു."

93 "ദൈവത്തിന്റെ സകല മർമ്മങ്ങളും എനിക്ക് ഗ്രഹിക്കാൻ കഴിഞ്ഞാലും," നോക്കൂ, "എന്നിട്ട് അപ്പോഴും എനിക്ക് അത് ചെയ്യാൻ കഴിഞ്ഞാലും, സ്നേഹമില്ല എങ്കിൽ, ഞാൻ ഏതുമില്ല," നോക്കൂ, "എനിക്ക് ഇതുവരെയും എങ്ങും എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല." പ്രധാനമായ

കാര്യം എന്നത്, ദൈവത്തെ സ്നേഹിക്കുക, അതോടൊപ്പം തന്നെത്താൻ താഴ്ത്തുക എന്നതാണ്.

94 ഇപ്പോൾ, തീർച്ചയായും, ലോകമെമ്പാടും ഈ പ്രവർത്തന മേഖലയിൽ ഞാൻ പൊയ്ക്കഴിഞ്ഞിരിക്കെ, വ്യത്യസ്തരായ ജനങ്ങളെയും കണ്ടിരിക്കെ, പ്രവേശിക്കാനുള്ള വാതിലിനെക്കുറിച്ച് ഞാൻ കുറച്ച് കാര്യങ്ങളെങ്കിലും അറിഞ്ഞിരിക്കണം. നിങ്ങൾക്ക് ദൈവവുമായി എവിടെയെങ്കിലും എത്തിച്ചേരാൻ ആഗ്രഹമുണ്ടെങ്കിൽ, അഹങ്കാരമേറിയ ഒരു ആത്മാവ് എപ്പോഴെങ്കിലും ഒരിക്കലും നിങ്ങളുടെ ചുറ്റും വരാനിടയാക്കരുത്. യാതൊരു വിദ്വേഷവും കടന്നു വരാൻ അനുവദിക്കരുത്. ആരെങ്കിലും എന്ത് ചെയ്താലും, അവർ തെറ്റാണെങ്കിൽ, നിങ്ങൾ ഒരിക്കലും ആ വ്യക്തിക്കെതിരെ ഒരു സങ്കീർണ്ണത കെട്ടിപ്പടുക്കരുത്. നോക്കൂ? നിങ്ങൾ മാധുര്യവും കരുണയും ഉള്ളവനായിരിക്കുക. ഓർക്കുക, നിങ്ങൾ പാപത്തിൽ ആയിരിക്കുമ്പോൾ ദൈവം നിങ്ങളെ സ്നേഹിച്ചു. ദൈവാത്മാവ് നിങ്ങളിൽ ഉണ്ടെങ്കിൽ, മറ്റൊരാൾ തെറ്റിലായിരിക്കുമ്പോൾ നിങ്ങൾ അവനെ സ്നേഹിക്കുന്നു. നോക്കൂ, അവർക്കുവേണ്ടി പ്രാർത്ഥിക്കുക മാത്രം ചെയ്യുക, കൂടാതെ പരസ്പരം സ്നേഹിക്കുക.

95 എല്ലാറ്റിനുമുപരിയായി, ദൈവത്തെ സ്നേഹിക്കുക, പരസ്പരം സ്നേഹിക്കുക. ദൈവത്തോടും അന്യോന്യം മറ്റൊരാളോടും താഴ്മയേറിയവനായിരിക്കുക, അപ്പോൾ ദൈവം നമ്മെ അനുഗ്രഹിക്കുകയും, അതിനെക്കുറിച്ചു അവൻ എന്തു ചെയ്യുമെന്ന് പറയുന്നത് പ്രയാസമാകുന്നു. സാധാരണയായി ഒരു സഭ എണ്ണത്തിൽ കൂടാൻ തുടങ്ങുമ്പോൾ അതോടൊപ്പം സ്വൽപ്പം വലുതായിത്തീരുവാൻ തുടങ്ങുമ്പോൾ, അല്ലെങ്കിൽ അതുപോലെ എന്തെങ്കിലും ആയിത്തീരുമ്പോൾ, അപ്പോഴാണ് അവർ ആ യഥാർത്ഥ കാര്യത്തിൽ നിന്നും, ആ യഥാർത്ഥ കാര്യത്തിൽ നിന്നും അകന്നു പോകുന്നത്.

96 എന്താണ് ഈ കാര്യങ്ങളൊക്കെയും സംഭവിക്കുന്നതിനു ഇടയാക്കിയതെന്ന് നിങ്ങൾക്കറിയാമോ, ഞാൻ ആദ്യമായി തുടങ്ങിയപ്പോൾ, കർത്താവ് നദിക്കരയിൽ വച്ച് എനിക്ക് പ്രത്യക്ഷപ്പെട്ട് എന്നോട് അതിനെക്കുറിച്ചു പറഞ്ഞപ്പോൾ അല്ലേ? അപ്പോൾ സഹോദരൻ വെയ്ൽ വർഷങ്ങൾക്കുമുമ്പ്, ഞാൻ കരുതുന്നു, കാനഡയിലെ ഒരു വായനപത്രത്തിൽ അത് കാണുകയുണ്ടായി, അവിടെ കർത്താവിന്റെ ദൂതൻ അവിടെ നദിക്കരയിൽ വച്ച് എനിക്ക് പ്രത്യക്ഷപ്പെടുകയുണ്ടായി, അത് അസോസിയേറ്റഡ് പത്രക്കുറിപ്പിലായിരുന്നു, “പ്രാദേശിക

ശുശ്രൂഷകൻ സ്ഥാനപ്പെടുത്തുന്നതിനിടയിൽ നിഗൂഢമായ വെളിച്ചം." എന്താണ് - എന്താണ് എന്താണ് അത് ചെയ്തതെന്ന് നിങ്ങൾക്കറിയാമോ? അത് തെരുവിനു അപ്പുറത്തായി ഞങ്ങൾക്ക് കൂടാരത്തിൽ യോഗം നടക്കുമ്പോഴായിരുന്നു, ഓ, ഏകദേശം രണ്ടായിരത്തി-അഞ്ഞൂറോളം ജനങ്ങളെ ഒരു കൂടാരത്തിനുള്ളിൽ ഇരുത്തിയിരുന്നു, ദൈവദാസന്മാർ എല്ലായിടത്തുനിന്നും എത്തിയിരുന്നു, അവർ പറഞ്ഞു, "സഹോദരാ, ഒരു മിനിറ്റ് ഇവിടെ വരൂ." ഞാൻ വെറും ഒരു ബാലനായിരുന്നു, ഇപ്രകാരം, വെറും ഒരു കുട്ടി മാത്രമായിരുന്നു. അദ്ദേഹം ചോദിച്ചു, "നിങ്ങൾ എങ്ങനെയാണ് ഈ ജനങ്ങളെ ഐക്യതയോടെ നിലനിർത്തുന്നത്? അവർ പരസ്പരം സ്നേഹിക്കുന്നു...ജനങ്ങൾ പരസ്പരം ഒരാൾ മറ്റൊരാളെ സ്നേഹിക്കുന്നത് ഞാൻ കണ്ടിട്ടില്ല."

97 അത് കർത്താവാകുന്നു. ആ ഒരു കാര്യത്തിലാണ് ഈ സഭ സ്ഥാപിതമായിരിക്കുന്നത്, പരസ്പരം ഒരാൾക്ക് മറ്റൊരാൾക്ക് വേണ്ടിയുള്ള ദൈവികമായ സഹോദര പ്രീതിയിലാകുന്നു. അവർ ഈ സ്ഥലം വിട്ടു പോകുമ്പോൾ ഒരാൾ മറ്റൊരാളെ വേർ പിരിയാൻ കഴിയാതെ, അവർ തമ്മിൽ കൈ പിടിച്ചു കുലുക്കി, ശിശുക്കളെ പോലെ കരയുന്നത് പോലും ഞാൻ കണ്ടിട്ടുണ്ട്. അവർ തമ്മിൽ തമ്മിൽ അത്രയധികമായി സ്നേഹിച്ചിരുന്നു. എനിക്ക് അവരെ കാണാൻ അവരുടെ വീടുകളിലേക്ക് പോകാൻ കഴിയും, പല സമയങ്ങളിലും, വേദപുസ്തകം തുറന്നിട്ട് കണ്ണുനീർ ഒഴുകുന്ന സമയങ്ങളുണ്ടാകും. രാത്രികാലങ്ങളിൽ, കടന്നുവന്നിട്ട്, പിതാക്കന്മാരും അമ്മമാരും ഒരുമിച്ചുകൂട്ടുകയും, അവരുടെ കൊച്ചുകുട്ടികൾ അവർക്ക് ചുറ്റുമായി, തറയിൽ മുട്ടുകുത്തുകയും ചെയ്തിരുന്നു; അവരുടെ പിതാക്കന്മാരും അമ്മമാരും അവരുടെ മുട്ടിന്മേൽ നിന്നുകൊണ്ട്, കരയുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ഞാൻ വാതിൽക്കൽ നിൽക്കുകയും തുടർച്ചയായി കാത്തിരിക്കുകയും കാത്തിരിക്കുകയും കാത്തിരിക്കുകയും ചെയ്തിരുന്നു. അവർ പ്രാർത്ഥിക്കുന്നത് നിർത്തിയിരുന്നില്ല, അപ്പോൾ ഞാൻ അവിടെയുള്ള പടികളിൽ തന്നെ ഇരുന്നുകൊണ്ട്, സ്വയം, പ്രാർത്ഥിക്കാൻ തുടങ്ങുകയും അവർക്ക് വേണ്ടി കാത്തിരിക്കുകയും ചെയ്തിരുന്നു, നോക്കൂ. അതാണ്—അതാണ് അവർ പരസ്പരം സ്നേഹിച്ചിരുന്നത്...അങ്ങനെയായിരുന്നു. അവർ തമ്മിൽ തമ്മിൽ സ്നേഹിച്ചിരുന്നു. ഞങ്ങൾ എപ്പോഴും ആ പഴയ പാട്ട് എഴുന്നേറ്റ് നിന്ന് പാടിയിരുന്നു:

ബന്ധിപ്പിക്കുന്ന സ്നേഹം വാഴ്ത്തപ്പെടട്ടെ
ക്രിസ്തീയ സ്നേഹത്തിൽ ഞങ്ങളുടെ ഹൃദയങ്ങളെ;

ഐക്യ മനസ്സോടുകൂടിയ കൂട്ടായ്മ
അത് മേലെയുള്ളതിനു സമമാകുന്നു.

നാം വേർപെടുമ്പോൾ,
അത് നമുക്ക് ആന്തരിക വേദന നൽകുന്നു;
എന്നാൽ നാം അപ്പോഴും ഹൃദയത്തിൽ ചേർന്നിട്ടു,
വീണ്ടും കണ്ടുമുട്ടാമെന്ന് പ്രതീക്ഷിക്കുന്നു.

98 ക്രിസ്തുവിനോട്, ഞാൻ വളരെ സന്തോഷത്തോടെയാണ് ഇത് പറയുന്നത്. ഇവരിൽ പലരും ഇന്ന് രാത്രി അടയാളപ്പെടുത്തിയ ഈ ശവക്കുഴികളിൽ ഉറങ്ങുകയാണ്, ആ മഹത്തായ പുനരുത്ഥാനത്തിനായി കാത്തിരിക്കുന്നു, അവിടെ ഞങ്ങൾ വീണ്ടും ഒത്തുചേരും.

99 ആ ആത്മാവ് ഈ സ്ഥലത്ത് നിന്ന് ഒരിക്കലും വിട്ടുപോകാൻ ഇടയാക്കരുത്! അത് എപ്പോഴെങ്കിലും സംഭവിക്കുകയാണെങ്കിൽ, നിങ്ങളുടെ പാസ്റ്റർ എത്ര വാചാലനാകാമെന്നോ, ദൈവത്തിന്റെ വചനം എത്ര നന്നായി കൊണ്ടുവരാൻ കഴിയുമെന്നോ ഞാൻ കാര്യമാക്കുന്നില്ല, ദൈവത്തിന്റെ ആത്മാവ് ദുഃഖിച്ചു പോയിക്കഴിഞ്ഞിരിക്കുന്നു. നോക്കൂ? നമുക്ക് എല്ലാക്കാര്യങ്ങളും കൂട്ടായ്മയിലും പൊതുവായും ആയിട്ട് പരസ്പരം സ്നേഹിക്കുവാൻ കഴിയുമ്പോൾ ദൈവം നമ്മോടൊപ്പം പ്രവർത്തിക്കും.

100 നാം സമയത്തെ പാലിക്കുന്നു, അതിനാൽ ജനങ്ങൾക്ക് കടന്നു വന്നിട്ട് പറയാൻ കഴിയും "നിങ്ങൾ ശരിക്കും വിനീതമായ ഒരു സഭയെ, ദൈവത്തെ വാസ്തവമായും ശരിക്കും സ്നേഹിക്കുന്ന ഒരു സഭയെ കാണാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ആ കൂടാരത്തിൽ ഒരു പ്രാവശ്യം അവിടെ ഇറങ്ങി അവരെ ശ്രദ്ധിക്കുക. അവർ തമ്മിൽ ഒരാൾ മറ്റൊരാൾക്ക് വേണ്ടി കരുതുന്നതും, തമ്മിൽ ബഹുമാനിക്കുന്നതും നോക്കൂ; സുവിശേഷം പ്രസംഗിക്കുമ്പോൾ, എത്ര ഭക്തിപൂർവ്വം അവർ ആയിരിക്കുകയും, കൂടാതെ എപ്രകാരം എല്ലാ കാര്യങ്ങളും എത്രയും ക്രമത്തിലായിരിക്കുന്നു." അതെ, അപ്പോൾ അവർക്ക് നാം ഏത് സമയത്താണ് ജീവിക്കുന്നതെന്ന് നോക്കി കാണാൻ കഴിയും. ദൈവത്തിന്റെ ആത്മാവ് നിങ്ങളുടെ ഇടയിൽ നീങ്ങുന്നത് നിങ്ങൾ കാണും, മഹത്തായ അടയാളങ്ങളും അത്ഭുതങ്ങളും അതുപോലെയുള്ള കാര്യങ്ങളും നടക്കും. ഈ കാര്യങ്ങളെല്ലാം ഒരുമിച്ച് പ്രവർത്തിക്കുന്നുണ്ടെങ്കിൽ, അത് സമയത്തെ പറയുന്നു. എന്നാൽ ഇത് പ്രവർത്തിക്കുന്നില്ലെങ്കിൽ, സമയം നിന്നു പോയിരിക്കുന്നു, അത് ഇനിയും സമയം എന്താണെന്ന് പറയുന്നില്ല. അതിനാൽ, നാം ഏത് സമയത്താണ് ജീവിക്കുന്നതെന്ന് അറിയാൻ ആഗ്രഹിക്കുന്നുവെങ്കിൽ,

എല്ലാവരും സുവിശേഷത്തിൽ ഒരുമിച്ച് പ്രവർത്തിക്കാൻ ആരംഭിക്കുക, പരസ്പരം സ്നേഹിക്കുക, ദൈവത്തെ സ്നേഹിക്കുക, അപ്പോൾ കൈകൾ തന്നെ നമ്മൾ ജീവിക്കുന്ന സമയത്തെ അറിയിക്കും. നിങ്ങൾ അത് വിശ്വസിക്കുന്നുണ്ടോ? ഉറപ്പാണ്. ആമേൻ. കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ, വാസ്തവമായും സമൃദ്ധിയായി അനുഗ്രഹിക്കട്ടെ.

101 ഇപ്പോൾ മറക്കരുത്, ഈ ആഴ്ച ഇവിടെതന്നെ ആയിരിക്കുക. നിങ്ങൾക്കറിയാവുന്ന ആരെങ്കിലും രോഗികളായിട്ടുള്ളവർ കടന്നു വരുന്നെങ്കിൽ, അവർ വരുമ്പോൾ അവരോട് പറയുക, പറയുക, "പ്രിയപ്പെട്ടവനെ, ഞാൻ നിങ്ങളോട് ചോദിക്കാൻ ആഗ്രഹിക്കുന്നു, ഞങ്ങൾക്ക് രോഗികൾക്കായി ഞായറാഴ്ച രാവിലെ കൂടാരത്തിൽ വച്ച് പ്രാർത്ഥന ഉണ്ടായിരിക്കുന്നതാണ്. കുറച്ച് കാലമായി നിങ്ങൾ രോഗിയായിരിക്കുന്നു, എന്നാൽ ഇപ്പോൾ ഞാൻ പോകാൻ ആഗ്രഹിക്കുന്നു..."

"ശരി, എനിക്ക് പോകണം. ഞാൻ എപ്പോഴും പോകാൻ ആഗ്രഹിച്ചിരുന്നു."

102 "ഇപ്പോൾ, ഞായറാഴ്ച രാത്രി ഞാൻ ഒരു സന്ദേശം കേൾക്കുകയുണ്ടായി, അത് അവിടെയുള്ള ഒരു സഹോദരനിൽ നിന്നുമായിട്ട്, നാം രോഗശാന്തി പ്രാപിക്കേണ്ടതിന്, എപ്രകാരം നാം നമ്മുടെ തെറ്റുകൾ പരസ്പരം ഏറ്റു പറയുകയും ഒരാൾ മറ്റൊരാൾക്ക് വേണ്ടി പരസ്പരം പ്രാർത്ഥിക്കുകയും ചെയ്യുന്നതിനെക്കുറിച്ചായിരുന്നു, അതിനാൽ നമുക്ക് രോഗശാന്തി പ്രാപിക്കുവാൻ കഴിയും. യാക്കോബ് 5:14, 13, 14, 15, കാണുക, അതായത് നാം രോഗശാന്തിക്കായി വരുന്നതിനുമുമ്പ് നാം നമ്മുടെ തെറ്റുകൾ പരസ്പരം ഏറ്റു പറഞ്ഞിരിക്കണം. അതെ. തമ്മിൽ പാപങ്ങളെ ഏറ്റു പറഞ്ഞു ഒരുവന് വേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ." നോക്കു? നോക്കു, അത് തന്നെയാണ് കൃത്യമായിട്ടും അദ്ദേഹം ഇന്നു രാത്രി സംസാരിച്ചിരുന്നത്, അത് മാർക്കോസ് 16-നൊപ്പം അതിന്റെ ലക്ഷ്യങ്ങളെ തിരികെ കൊണ്ടു വരുന്നു. ഇത് ഒരുമിച്ച് കൂട്ടി ചേർക്കുക, നിങ്ങൾക്കത് ലഭിക്കുന്നു, അതോടൊപ്പം രോഗ ശാന്തിയും നടക്കുന്നു.

103 യേശുവിനെ നോക്കു, സ്നേഹത്തിന്റെ ഒരു ഭാണ്ഡം മാത്രമാകുന്നു. നോക്കു? അവൻ ദൈവം വെളിപ്പെട്ടതായിരുന്നു. അവൻ, ദൈവം, അവനിലൂടെ തന്നെത്തന്നെ പ്രകടിപ്പിച്ചു, അത്ഭുതങ്ങളും അതുപോലെയുള്ള കാര്യങ്ങളും സംഭവിച്ചതിൽ യാതൊന്നും അതിശയിക്കാനില്ല. അവന്റെ എളിമയേറിയ ജീവിതം, സമർപ്പണ ജീവിതം; ദൈവത്തിൽ നിന്ന് വരുന്നതിന്, ഭൂമിയിൽ ഇവിടെ ഒരു മനുഷ്യനാകാൻ, ദൈവത്തെ അവനിലൂടെ

സ്വയം പ്രകടിപ്പിക്കാനായിരുന്നു. അതാണ് അവനെ അവൻ എന്താണോ അവനാക്കി മാറ്റിയത്. ഞാൻ എല്ലായ്പ്പോഴും പറഞ്ഞിട്ടുണ്ട്, "യേശുവിനെ ദൈവമാക്കിയത് എന്താണ്, എന്നെ സംബന്ധിച്ചിടത്തോളം അവൻ തന്നെത്താൻ അവനെ തന്നെ താഴ്മപ്പെട്ടുത്തിയ രീതിയാകുന്നു. അവൻ അത്രയും വലിയവനായിരുന്നു, എന്നിട്ടും അത്രയും ചെറുതാകാൻ കഴിഞ്ഞു." നോക്കൂ? അത് ശരിയാണ്.

104 കർത്താവ് നിങ്ങളെ വാസ്തവമായും നന്മയോടെ അനുഗ്രഹിക്കുമാറാകട്ടെ. ഇപ്പോൾ നമുക്ക് സമാപിപ്പിക്കലിന് വേണ്ടി എഴുന്നേറ്റു നിൽക്കാം. നമുക്കതിപ്പോൾ ശ്രമിക്കാം, (നിങ്ങൾക്കത് അറിയില്ലായിരിക്കാം, സഹോദരി), അത്, *ബന്ധിപ്പിക്കുന്ന സ്നേഹം വാഴ്ത്തപ്പെടട്ടെ.* അത് നമുക്ക് ഒരു തവണ പാടാം, അല്ലേ? ഞങ്ങൾക്ക് അതിന്റെ രാഗം നൽകുക.

ബന്ധിപ്പിക്കുന്ന സ്നേഹം വാഴ്ത്തപ്പെടട്ടെ
ക്രിസ്തീയ സ്നേഹത്തിൽ ഞങ്ങളുടെ ഹൃദയങ്ങളെ;
ഐക്യ മനസ്സോട്ടുകൂടിയ കൂട്ടായ്മ,
അത് മേലെയുള്ളതിനു സമമാകുന്നു.

105 ഇപ്പോൾ ഞങ്ങൾ ഈ അവസാന വാക്യം ആലപിക്കുമ്പോൾ, നമുക്ക് ഒരാൾ മറ്റൊരാളുടെ കൈകളിൽ പിടിച്ചുകൊണ്ട്, "*നാം വേർപെടുമ്പോൾ,*" എന്നിട്ട് പറയുക, "ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരാ, സഹോദരി. ഇന്ന് രാത്രി നിങ്ങളോടൊപ്പം ആയിരുന്നതിൽ എനിക്ക് അത്രയധികം സന്തോഷമുണ്ട്." നോക്കൂ, അതുപോലെ എന്തോ ഒന്നായിട്ട്, പിന്നിലേക്ക് തുടർന്ന് തിരിഞ്ഞുനോക്കുക. ഇപ്പോൾ നമുക്ക് ഇത് പാടാം.

നാം വേർപെടുമ്പോൾ...

സഹോദരൻ നെവിൽ, ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

അത് നമുക്ക് ആന്തരിക വേദന നൽകുന്നു;
എന്നാൽ നാം അപ്പോഴും ഹൃദയത്തിൽ ചേർന്നിട്ട്,
വീണ്ടും കാണുമെന്ന് ആശിക്കുന്നു.

106 കർത്താവായ യേശുവിനെ നാം എത്രയധികം സ്നേഹിക്കുന്നു! നാം സ്നേഹിക്കുന്നില്ലേ? എപ്രകാരം...

നാം വീണ്ടും കണ്ടുമുട്ടും വരെ!
യേശുവിൻ പാദത്തിൽ നാം വീണ്ടും കണ്ടുമുട്ടും വരെ;
(നാം വീണ്ടും കണ്ടുമുട്ടും വരെ!)
നാം വീണ്ടും കണ്ടുമുട്ടും വരെ! നാം വീണ്ടും കണ്ടുമുട്ടും വരെ!
നാം വീണ്ടും കണ്ടുമുട്ടും വരെ ദൈവം നിങ്ങളോടൊപ്പമുണ്ടാകും!

നമുക്ക് കണ്ണുകൾ അടച്ച്, ഇപ്പോൾ അത് ആത്മാവിൽ പാടാം.

നാം വീണ്ടും കണ്ടുമുട്ടും വരെ! നാം വീണ്ടും കണ്ടുമുട്ടും വരെ!
യേശുവിൻ പാദത്തിൽ നാം വീണ്ടും കണ്ടുമുട്ടും വരെ;
നാം വീണ്ടും കണ്ടുമുട്ടും വരെ! നാം വീണ്ടും കണ്ടുമുട്ടും വരെ!
നാം വീണ്ടും കണ്ടുമുട്ടും വരെ ദൈവം നിങ്ങളോടൊപ്പമുണ്ടാകും!

107 ഇപ്പോൾ നമ്മുടെ തലകളെ വണങ്ങാം. നാം മക്കൾ മാത്രമാണ്, ദൈവത്തിന്റെ മക്കൾ. നമുക്ക് അത് മൂളിപ്പാടം. [സഹോദരൻ ബ്രൺഹാമും സഭയും മൂളിപ്പാടാൻ തുടങ്ങുന്നു, *ദൈവം നിങ്ങളോടൊപ്പമുണ്ടായിരിക്കട്ടെ*—Ed.] ഓ, അത് എപ്രകാരം ദൈവാത്മാവിനെ നമ്മിലേക്ക് എത്തിക്കുന്നു! ആദ്യ കാലങ്ങളിൽ അവർ പാറക്കല്ലുകളിൽ ഇരുന്ന് പാടിയിരുന്നത് നിങ്ങൾക്ക് ഒന്ന് ഊഹിക്കാമോ?

നാം വീണ്ടും കണ്ടുമുട്ടും വരെ ദൈവം നിങ്ങളോടൊപ്പമുണ്ടാകും!

108 നമ്മുടെ തലകൾ വണങ്ങിക്കൊണ്ട്, ഞാൻ പിന്നിലായിരിക്കുന്ന സഹോദരൻ അല്ലെനോട് ചോദിക്കാൻ പോകുകയാണ്, അദ്ദേഹം നമ്മുടെ ഇടയിൽ ഒരു പുതിയ സഹോദരൻ ആകുന്നു, അദ്ദേഹം നമ്മെ ഒരു പ്രാർത്ഥനയിൽ കൂടി പിരിച്ചു വിടാൻ കഴിയുകയാണെങ്കിൽ. സഹോദരൻ അല്ലെൻ.

***തന്നെത്താൻ താഴ്ത്തുവിൻ*** MAL63-0714E

(Humble Thyself)

ഈ സന്ദേശം സഹോദരൻ വില്യം മാരിയൻ ബ്രൺഹാം, 1963, ജൂലായ് 14 - തീയതി ഞായറാഴ്ച വൈകിട്ട് അമേരിക്കയിലെ ഇന്ത്യാനയിലുള്ള ജെഫേഴ്സൺവിലെയിലെ ബ്രൺഹാം കൂടാരത്തിൽ വച്ച് ആദ്യം ഇംഗ്ലീഷിൽ പ്രസംഗിച്ചതിനെ കാന്തശക്തിയുള്ള ടേപ്പുകളിൽ നിന്നും പുസ്തക രൂപത്തിലേക്ക് കൃത്യമായി പകർത്താൻ സകല പ്രയത്നവും ചെയ്തിരിക്കുന്നു. മലയാളത്തിലെ ഈ രണ്ടു പരിഭാഷകളും വോയിസ് ഓഫ് ഗോഡിന്റെ ചുമതലയിൽ അച്ചടിച്ചു വിതരണം ചെയ്യപ്പെടുന്നു.

MALAYALAM

©2021 VGR, ALL RIGHTS RESERVED

VOICE OF GOD RECORDINGS, INDIA OFFICE
19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM
CHENNAI 600 034, INDIA
044 28274560 • 044 28251791
india@vgroffice.org

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org

## Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.

For more information or for other available material, please contact:



Voice Of God Recordings
P.O. Box 950, Jeffersonville, Indiana 47131 U.S.A.
www.branham.org